ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
2011 June 25 Vol. 04 Issue: 12

അറിയിപ്പ്
എല്ലാവിധ ഡി.റ്റി. പി. വർക്കുകളും പുസ്തക പ്രസിദ്ധീകരണം, (ട്രാൻസ്‌ലേഷൻ ഉൾപ്പെടെ) സുവനിറുകൾ എന്നിങ്ങനെയുള്ള എല്ലാവിധ ജോലികൾക്കും
ദ ജേണൽ യു. എസ്. എ
P.O. Box: 620 742, Atlanta, GA 30362, USA
bjpathramonline@gmail.com

RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subscription Rs. 100/- Pages: 12

# പെന്തക്കോസ്ത് കോൺഫറൻസ് ഒരുക്കങ്ങൾ പൂർത്തിയായി


റവ. പി. സി. ചെറിയാൻ


റവ. വർഗീസ് ഏബ്രഹാം


സിസ്റ്റർ. മറിയാമ്മ തമ്പി


റവ. തോമസ് മാത്യു


തോമസ് കിടങ്ങാലിൽ


ഷാജി മണിയാറ്റ്

**ഒക്കലഹോമ:** 29-ാമത് നോർത്തമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫറൻസിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഒക്കലഹോമ കോക്സ് കൺവൻഷൻ സെന്ററിൽ ജൂൺ 30 മുതൽ ജൂലൈ 3 വരെയാണ് കൺവൻഷൻ. റവ. തോമസ് മാത്യു (നാഷണൽ കൺവീനർ), തോമസ് എം. കിടങ്ങാലിൽ (നാഷണൽ സെക്രട്ടറി), ഷാജി മണിയാറ്റ് (നാഷണൽ ട്രഷറാർ), റവ. റൈറ്റസ് ഈപ്പൻ (യൂത്ത് കോർഡിനേറ്റർ) തുടങ്ങിയവർ നേതൃത്വം നൽകുന്ന ഈ കോൺഫറൻസിന്റെ ചിന്താവിഷയം 'ഞാൻ ആരെ അയക്കേണ്ടു' (യെശയ്യാവ് 6:8) ആണ്. കുട്ടികൾ, യുവാക്കൾ, സഹോദരിമാർ എന്നിവർക്കായി പ്രത്യേകം മീറ്റിംഗുകൾ കോൺഫറൻസിൽ ക്രമീകരിച്ചിട്ടുണ്ട്. റവ. സ്റ്റീവ്, റവ. ക്രിസ്സ്, പാസ്റ്റർമാരായ സണ്ണി കുര്യൻ, പി. സി. ചെറിയാൻ, വർഗ്ഗീസ് ഏബ്രഹാം, സിസ്റ്റർ മറിയാമ്മ തമ്പി എന്നിവരാണ് പ്രധാന പ്രസംഗകർ. അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തക്കോസ്ത് സമൂഹത്തിന്റെ പൊതു കൂട്ടായ്മയായ ഈ കോൺഫറൻസ് കേരളത്തിനു വെളിയിൽ നടക്കുന്ന ഏറ്റവും വലിയ മലയാളി സംഗമം കൂടിയാണ്. വിവിധ രാജ്യങ്ങളിൽ നിന്ന് അതിഥികളായെത്തുന്ന ധാരാളം വിശ്വാസികളും ശുശ്രൂഷകരും ഈ കോൺഫറൻസിൽ സംബന്ധിക്കും.

കോൺഫറൻസിൽ മികച്ച സൗകര്യങ്ങളാണ് ഇത്തവണ ക്രമീകരിച്ചിരിക്കുന്നത്. ആയിരങ്ങൾ പങ്കെടുക്കുന്ന ഈ കോൺഫറൻസിൽ പങ്കെടുത്ത് മടങ്ങുന്നവർക്ക് മറക്കാനാവാത്ത ആത്മീയ അനുഭവങ്ങൾ ലഭ്യമാകട്ടെ എന്ന പ്രാർത്ഥനയാണ് സംഘാടകർക്ക് എന്ന് പബ്ലിസിറ്റി കൺവീനർ നിബു വെള്ളവന്താനം അറിയിച്ചു.

# പ്രസ് കൗൺസിൽ പ്രവർത്തനോദ്ഘാടനം


പാ. ടി. എസ്. ഏബ്രഹാം


സി. വി. മാത്യു


പാ. വി. പി. ഫിലിപ്പ്

**തിരുവല്ല:** പെന്തക്കോസ്തു പത്രപ്രവർത്തകരുടെയും എഴുത്തുകാരുടെയും ഐക്യവേദിയായ പെന്തക്കോസ്തു പ്രസ് കൗൺസിലിന്റെ പ്രവർത്തന ഉദ്ഘാടനം ജൂലൈ 2 ശനിയാഴ്ച രാവിലെ 10 മണിയ്ക്ക് തിരുവല്ല ശാന്തിനിലയത്തിൽ നടക്കും. പ്രസിഡന്റ് സി. വി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഐ. പി. സി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ടി. എസ്. ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിക്കും. തുടർന്നു നടക്കുന്ന സെമിനാറുകളിൽ പാസ്റ്റർ വി. പി. ഫിലിപ്പും, ജോൺസൺ മാത്യു മാങ്ങാനവും (മലയാള മനോരമ) പ്രബന്ധങ്ങൾ അവതരിപ്പിക്കും. സുവി. പി. ഐ. ഏബ്രഹാം (കാനം അച്ചൻ), പാസ്റ്റർ പി. റ്റി. തോമസ് എന്നിവർ മോഡറേറ്റർമാരായിരിക്കും. പെന്തക്കോസ്തിൽ മാധ്യമങ്ങളുടെ സ്വാധീനതയും സാദ്ധ്യതകളും എന്ന വിഷയത്തെ അധികരിച്ച് ചർച്ച നടക്കും. സഭാ നേതാക്കന്മാരും സാമൂഹ്യ പ്രവർത്തകരും ആശംസകൾ അറിയിക്കും.

പെന്തക്കോസ്തു എഴുത്തുകാ

09

## ഐ. പി. സി. തൃപുര സ്റ്റേറ്റ് കൺവൻഷൻ

**അഗർത്തല:** ഐ. പി. സി. തൃപുര സ്റ്റേറ്റ് 5-ാമതു വാർഷീക കൺവൻഷൻ ആഗസ്റ്റ് 13,14 തീയതികളിൽ വെസ്റ്റ് തൃപുര ജില്ലയിലെ വിശ്രാംഗഞ്ചിൽ നടക്കും. ഇൻഡ്യയുടെ വടക്കുകിഴക്കൻ മേഖലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ബംഗ്ലാദേശിൽ നിന്നും പ്രവർത്തകർ പങ്കെടുക്കുന്ന കൺവൻഷനിൽ സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ജോർജ്ജ് മാത്യു, പാസ്റ്റേഴ്സ് സുനിൽ ദേവർമ്മ കിരിത്ത്, കിഷോർ കെ. കെ., ചക്രവർത്തി, ആദിയായവർ പ്രസംഗിക്കും. വിവിധ ഗ്രോത്രവർഗ്ഗത്തിൽപ്പെട്ട പ്രവർത്തകരുടെ സമ്മേളനം, കുട്ടികൾക്കും, യുവജനങ്ങൾക്കും, സഹോദരിമാർക്കും വേണ്ട പ്രത്യേക മീറ്റിംഗുകളും കൺവൻഷനോടനുബന്ധിച്ചു നടക്കും. പാസ്റ്റേഴ്സ് അജോയ്, സുകമാർ, സമീർ, ബ്രദർ ദാനിയേൽ, രാജു എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

## ഉന്നത വിജയം



**റാന്നി:** റാന്നി വട്ടാർകയം ചർച്ച് ഓഫ് ഗോഡ് സഭാംഗവും കാരുണ്യ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകനുമായ കണ്ണങ്കര ഷാന്റി ചാക്കോയുടെയും അജി ചാക്കോയുടെയും മകൾ സ്നേഹ ഷാന്റി എല്ലാ വിഷയത്തിലും A+ കരസ്ഥമാക്കി എസ്. എസ്. എൽ. സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി. ഒലവക്കോട് സെന്റ് തോമസ് സ്കൂൾ വിദ്യാർത്ഥിനിയായ ഈ കൊച്ചുമിടുക്കി പാസ്റ്റർ കെ. റ്റി. ചാക്കോ കണ്ണങ്കരയുടെ പൗത്രിയാണ്.

## ഐ.പി.സി. യു.കെ. – അയർലന്റ് റീജിയൻ കൺവൻഷൻ


പാസ്റ്റർ ജേക്കബ് ജോർജ്ജ്


പാസ്റ്റർ കെ. ജോയി


പാസ്റ്റർ സാം ജോർജ്ജ്

**ലണ്ടൻ:** ഐ.പി.സി. യു.കെ. - അയർലന്റ് റീജിയന്റെ 4-ാമത് കൺവൻഷൻ ജൂലൈ 15 - 17 വരെ ഗ്ലാസ്ഗോ വിക്ടറി ക്രിസ്ത്യൻ സെന്ററിൽ നടക്കും 15ന് വൈകിട്ട് 6ന് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ് ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ കെ. ജോയി (ന്യൂഡൽഹി), സാം ജോർജ് (യു.എസ്.എ.) എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ശനിയാഴ്ച രാവിലെ 10ന് പൊതുയോഗവും ഉച്ചക്ക് 2ന് പി.വൈ.പി.എ. - സോദരി സമാജം സംയുക്ത വാർഷിക സമ്മേളനവും നടക്കും 17ന് രാവിലെ 9.30ന് നടക്കുന്ന സംയുക്ത സഭായോഗത്തോടും കർത്തൃമേശയോടും കൂടി കൺവൻഷൻ സമാപിക്കും. റീജിയൻ സെക്രട്ടറി പാസ്റ്റർ സി.ടി. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ റീജിയൻ വൈസ്പ്രസിഡന്റ് പാസ്റ്റർ ബാബു സക്കറിയ കർത്തൃമേശയ്ക്ക് നേതൃത്വം നൽകും പാസ്റ്റർ ടൈറ്റസ് സാമുവൽ സുവി. മോബിൻ മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും

പാസ്റ്റർ ഡാനിയേൽ കൊച്ചുകുറ്റിയിൽ (കൺവീനർ) പാസ്റ്റർ ജോൺ തോമസ് (ജോ. കൺവീനർ) പാസ്റ്റർ ബാബു ജോൺ വേട്ടമല (പബ്ലിസിറ്റി) പാസ്റ്റർ സാജു മാത്യു (മ്യൂസിക്) പാസ്റ്റർ വിനോദ് ജോർജ്ജ് (പ്രയർ) എന്നിവർ നേതൃത്വം നൽകുന്നു.

പാസ്റ്റർ ജേക്കബ് ജോർജ്ജ് (പ്രസിഡന്റ്) പാസ്റ്റർ ബാബു സക്കറിയ (വൈസ് പ്രസിഡന്റ്) പാസ്റ്റർ സി.ടി. ഏബ്രഹാം (സെക്രട്ടറി), സാം മാത്യു (ജോ. സെക്രട്ടറി) കെ.ടി. തോമസ് (ട്രഷറാർ) എന്നിവർ റീജിയണൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

## സാക്ഷി



"ഒരു വിദ്വാൻ ലേഖനം മോഷ്ടിച്ചു" - വാർത്ത

*ഈ രംഗത്ത് മുൻഗാമികൾ ഉള്ളതിനാൽ ഭയപ്പെടേണ്ട.*

# ആറ് കോടി ജനങ്ങൾക്കിടയിലേക്ക് രക്ഷാ സന്ദേശ യാത്ര

ചാക്കോ. കെ. തോമസ്, ബാംഗ്ലൂർ


രക്ഷാ സന്ദേശ യാത്രയുടെ ഉദ്ഘാടനം

**ബാംഗ്ലൂർ:** കർണാടകയിലെ 6 കോടി ജനങ്ങൾക്കിടയിൽ സ്നേഹത്തിന്റെയും സഹിഷ്ണതയുടെയും നായകനായ യേശുക്രിസ്തുവിന്റെ രക്ഷാ സന്ദേശം വിളിച്ചറിയിക്കുവാൻ രക്ഷാ സന്ദേശപദയാത്ര നടത്തുവാൻ ഒരുങ്ങുകയാണ് 73 കാരനായ സുവിശേഷകൻ ജോൺ തോമസ് (പാസ്റ്റർ പാപ്പച്ചൻ). ജൂൺ 19 നു വൈകിട്ട് 4 -ന് ബാംഗ്ലൂർ വിധാൻ സൗദയിൽ നിന്നും (സെക്രട്ടേറിയേറ്റ്) ആരംഭിക്കുന്ന രക്ഷാ സന്ദേശയാത്രയുടെ പ്രാരംഭതല ഉദ്ഘാടനം ജൂൺ 5 -ന് കോത്തന്നൂർ ഏബൻ ഏസർ ഹോസ്പിറ്റൽ ഹാളിൽ റവ. ഡോ. ജോൺ താന്നിക്കൽ ഉദ്ഘാടനം ചെയ്തു. വിവിധ ക്രൈസ്തവ സഭകളിലെ ക്രിസ്



10

പത്രാധിപ സമിതി

*രക്ഷാധികാരി*
റവ. ജോർജ്ജ് വി. മേക്കാട്ട്

*ചെയർമാൻ*
രാജൻ ആര്യപ്പള്ളിൽ

*വൈസ് ചെയർമാൻ*
ജെയ്സൺ ജോസഫ്

*മാനേജിംഗ് എഡിറ്റർ*
എം.വി. ഫിലിപ്പ്

*ചീഫ് എഡിറ്റർ*
പാസ്റ്റർ സാംകുട്ടി മാത്യു

*ജനറൽ എഡിറ്റർ*
അനിൽ കൊടിത്തോട്ടം

*എഡിറ്റർ*
പാസ്റ്റർ ജെയ്സ് പാണ്ടനാട്

*ബോർഡ് മെംമ്പേഴ്സ്*
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

*പബ്ലീഷർ*
പീറ്റർ മാത്യു വല്ല്യത്ത്

*ചീഫ് കറസ്പോണ്ടന്റ്*
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

*കോർഡിനേറ്റർ*
പാസ്റ്റർ കെ. ജെ. മാത്യു



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ



**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

**ബിലീവേഴ്സ് ജേണൽ**

*Address (India)*
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

*Address (Usa)*
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org



## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ





# കൊമ്പൻ പോകുന്നതു മോഴയ്ക്കുവഴി



**സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

പൂർണ്ണ സമയ സുവിശേഷവേല ചെയ്യുന്നുവെന്ന് അഭിമാനിക്കുകയും അതേസമയം തന്നെ പലവിധ ബിസിനസുകളിൽ ഏർപ്പെടുകയും ചെയ്യുന്ന ഉപദേശിമാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. വിവാഹദല്ലാൾ, വസ്തുബ്രോക്കർ, ഇൻഷുറൻസ് ഏജന്റ്, മൾട്ടിലവൽ മാർക്കറ്റിംഗ് അഥവാ മണിചെയിൻ ഏജൻസ്, അഡ്മിഷൻ ഏജൻസി, വിസാക്കച്ചവടം ഇങ്ങനെ ഉപദേശിമാരുടെ സൈഡ് ബിസിനസിന്റെ എണ്ണം അനവധി. എത്ര ഉത്സാഹത്തോടെയും ആവേശത്തോടെയുമാണ് ഇവർ അധ്വാനിക്കുന്നത്. നാക്കുകൊണ്ട് ഏതു മനുഷ്യനെയും കുപ്പിയിലറക്കുന്ന ഇവർ സുവിശേഷവേലയുടെ മാന്യത നശിപ്പിക്കുകയാണ്. സഭാ ശുശ്രൂഷകൻ ആടുകളെ ഉപേക്ഷിച്ച് ദേശങ്ങൾ തോറും നടക്കുന്നു. വാക്ചാതുര്യം കൊണ്ട് ജനത്തെ വഞ്ചിക്കുന്നു. ഇത് അഡ്മിഷൻ സീസണാണ്. പത്രങ്ങളിൽ പാസ്റ്റർമാരുടെ പേരിൽ അഡ്മിഷനുമായി ബന്ധപ്പെട്ട് എത്ര പരസ്യങ്ങളാണ് പ്രത്യക്ഷപ്പെടുന്നത്. താൻ അണിഞ്ഞിരിക്കുന്ന കുപ്പായത്തിന്റെ മാന്യത തിരിച്ചറിയാതെ ധന സമ്പാദനം ലക്ഷ്യമാക്കി മാത്രം പ്രവർത്തിക്കുന്ന ഈക്കൂട്ടരെ ഒറ്റപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിദേശത്തു ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ സ്റ്റാൻലി സൈമൺ അണിഞ്ഞിരുന്നതും പാസ്റ്ററുടെ ലേബലാണ്. എക്സോഡസ് എന്ന സ്ഥാപനത്തിന്റെ കുമ്പനാട് ഓഫീസ് ഉദ്ഘാടനം ചെയ്തതോ ഇവിടുത്തെ ഒരു സഭാ പ്രസിഡന്റും. പങ്കെടുക്കാൻ എത്തിയവരിൽ പലരും സഭയുടെ ഉത്തരവാദിത്വപ്പെട്ടവരും. സ്റ്റാൻലിസൈമൺ തട്ടിപ്പിലൂടെ നേടിയതിന്റെ വിഹിതം കൈപ്പറ്റി മടങ്ങിയ ഇക്കൂട്ടരാണ് സഭകളുടെ ശാപം. സഭയിൽ ആത്മീയതയേക്കാൾ പണത്തിനാണ് പ്രാധാന്യം. അതിനാൽ തന്നെ എങ്ങനെയും പണമുണ്ടാക്കുക എന്ന ചിന്തയിലാണ് സാധാരണ ഉപദേശിമാർ. നേതാക്കന്മാർ സ്വന്തം ട്രസ്റ്റും വൻ ബിസിനസുകളുമായി കോടികൾ സ്വരൂപിക്കുമ്പോൾ അന്തംവിട്ടു നോക്കി നിൽക്കുന്നവർ ചെറിയ ചെറിയ ബിസിനസിലേക്കു ശ്രദ്ധതിരിക്കുന്നു. നേതാവു ചെയ്യുന്നതു തന്നെ അനുയായികളും ചെയ്യുന്നുവെന്നുമാത്രം. കൊമ്പൻ പോകുന്നതാണ് മോഴയ്ക്കു വഴി. ഇത്തരം നേതാക്കന്മാർ ഉള്ള കാലത്തോളം പെന്തെക്കോസ്തിന്റെ ഗതി നേരെയാകുമെന്ന് പറയുവാൻ സാധിക്കുമോ? ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം. സുവിശേഷകർ അവരെ ഏല്പിച്ച ജോലി ചെയ്യുക. അഡ്മിഷനും ഇൻഷുറൻസുമൊക്കെ വിശ്വാസി ചെയ്യട്ടെ. തങ്ങളെ ഏല്പിച്ച ആടുകളെ മേയ്ക്കുക. ഏല്പിച്ച താലന്തു വ്യാപാരം ചെയ്യുക. കാരണം കണക്കുചോദിയ്ക്കുന്ന നാൾ അടുത്തുവരുന്നു. മറക്കാതിരിക്കുക.

---

**യുവജന പംക്തി**

# അശുഭാപ്തി വിശ്വാസം (pessimism)



**ബിനുജോസഫ് വടശ്ശേരിക്കര**

നിഷേധാത്മകചിന്തകൾ അശുഭാപ്തി വിശ്വാസത്തിലേക്ക് നയിക്കും. മാത്രമല്ല അതു നിങ്ങളെ അശുഭാപ്തി വിശ്വാസക്കാരനാക്കി തീർക്കുകയും ചെയ്യും. ഏതൊരു കാര്യവും ശുഭമായി അവസാനിക്കില്ല എന്ന് ചിന്തിക്കുന്നവരെയാണ് അശുഭാപ്തി വിശ്വാസക്കാർ (Pessimist) എന്നു പറയുന്നത്. ഇവരുടെ ജീവിതരീതി, സ്വഭാവം ഇവ വളരെ വ്യത്യസ്തമാണ്. ഇവരോടൊപ്പം കൂടുന്നവരും ഇപ്രകാരം അശുഭാപ്തി വിശ്വാസത്തിലേക്ക് വലിച്ചിഴക്കപ്പെടും.

Shiv Khera, you can win എന്ന പുസ്തകത്തിൽ ഇത്തരക്കാരെ പറ്റി ഒരു കഥ പറയുന്നുണ്ട്; സ്റ്റീം ബോട്ട് കണ്ടുപിടിച്ച റോബർട്ട് ഫൽട്ടൻ അത് പരീക്ഷിക്കുവാനായി ഹഡ്സൻ എന്ന നദീകരയിലെത്തി. ഒപ്പം വ്യത്യസ്തരായ ഒരു കൂട്ടം ജനങ്ങളും വന്നു കൂടിയിരുന്നു. അവരിൽ ഒരു അശുഭാപ്തി വിശ്വാസക്കാരൻ മറ്റൊരാളോടായി പറഞ്ഞു; "ആ ബോട്ട് ഒരിക്കലും സ്റ്റാർട്ടാകില്ല" കുറെ നേരം കഴിഞ്ഞപ്പോൾ ആ ബോട്ട് സ്റ്റാർട്ട് ആയി യാത്ര ആരംഭിച്ചു. അപ്പോൾ സ്റ്റാർട്ടാകില്ല എന്ന് പറഞ്ഞവൻ വിളിച്ചു പറഞ്ഞു, "പക്ഷേ ഇനിയും അത് നിൽക്കില്ല."

നിഷേധാത്മകചിന്തകൾ കൊണ്ടുനടക്കുന്ന ഒരാൾ താനറിയാതെ ഒരു അശുഭാപ്തിവിശ്വാസക്കാരനായി മാറുകയാണ്. ഇപ്രകാരമുള്ളവർക്ക് ചില പ്രത്യേകതകൾ ഉണ്ട്.

- ✦ ശുഭമായി ഒന്നും തീരുമെന്നതംഗീകരിക്കില്ല
- ✦ മറ്റുള്ളവരെ പറ്റി കുറ്റങ്ങൾ മാത്രം കാണും
- ✦ സ്വന്തം കുറ്റങ്ങൾ മറച്ചുവെക്കാൻ ശ്രമിക്കും
- ✦ എപ്പോഴും നശീകരണ ചിന്തകൾക്കടിമയാകും
- ✦ നേരിടുന്നവയെല്ലാം വിധിയാണെന്നെഴുതി തള്ളും
- ✦ പരാതികൾ കൂടുതൽ ഉണ്ടാകും
- ✦ പ്രശ്നങ്ങളെ മാത്രം കാണും
- ✦ നാളെയെപ്പറ്റിയും മരണത്തെപ്പറ്റിയും ഭീരുക്കളാകും
- ✦ ഒറ്റവാക്കിൽ പറഞ്ഞാൽ "ഉഴുന്നുവടയിലെ ദ്വാരം മാത്രം കാണുന്നവർ"
- ✦ മറ്റൊരർത്ഥത്തിൽ ബസ് മറിഞ്ഞ് മരിക്കുമോ എന്ന് ഭയന്ന് കാൽനടയായി മാത്രം യാത്ര ചെയ്യുന്നവർ

ഇത്തരക്കാർ ജീവിതത്തിൽ 'എല്ലാം വിധി' എന്ന് പറഞ്ഞ് തള്ളുന്നതിനാൽ അനുഭവങ്ങളിൽ നിന്ന് ഒന്നും തന്നെ പഠിക്കാറില്ല. നിങ്ങൾ ഇത്തരത്തിലുള്ള ഒരാളെങ്കിൽ കഠിനമായി ശ്രമിച്ചാൽ നല്ല ചിന്തകൾ കൊണ്ട് മനസ്സുനിറച്ച് ശാന്തിയുടെയും സൗഹൃദത്തിന്റെയും ദിനങ്ങൾ നേടിയെടുക്കാൻ കഴിയും.

**സ്വയം അറിയുക**

നിങ്ങൾ ഇപ്രകാരം ഒരു വ്യക്തിയാണോ എന്നറിയാൻ താഴെ കാണുന്ന ചോദ്യങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക.

- ✪ ജീവിതത്തിൽ നേരിടുന്നതെല്ലാം വിധിയെന്ന് കരുതുന്നുണ്ടോ?
- ✪ നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നവയൊന്നും ദൈവം അറിയുന്നില്ല എന്ന് ചിന്തിക്കുന്നുവോ?
- ✪ മറ്റുള്ളവർ നിങ്ങൾക്ക് 100 ഉപകാരം ചെയ്യുമ്പോഴും അവരുടെ ഒരു കുറ്റം മാത്രം എടുത്തുയർത്തുന്നുണ്ടോ?
- ✪ നിങ്ങൾക്ക് അവസരങ്ങൾ ഒരുക്കുന്നവരെ കുറ്റപ്പെടുത്തുന്നുണ്ടോ?
- ✪ പരാജയ ഭീതിക്കും പരാജയ ചിന്തകൾക്കും നിങ്ങൾ അടിമയോ?
- ✪ മറ്റുള്ളവരുടെ തെറ്റ് മാത്രം കണ്ടു വിമർശനം നടത്തുന്ന ഒരു സുഹൃത്ത് നിങ്ങൾക്കുണ്ടോ?

ഈ പറയപ്പെട്ടവയിൽ നാല് എണ്ണത്തിന്റെ ഉത്തരം 'yes ആണെങ്കിൽ സംശയിക്കേണ്ട ഒരുപരിധിയിലേറെ നിങ്ങളും അശുഭാപ്തി വിശ്വാസത്തിലാണ്. ഈ അവസ്ഥ നിങ്ങളെ ഇല്ലായ്മ ചെയ്യുവാൻ ശക്തമാണ് എന്നതിനാൽ നിങ്ങൾ ഇതിൽനിന്ന് രക്ഷപെട്ടേ മതിയാകു.

ആഴമുള്ള പൊട്ടകിണറ്റിൽ കിടക്കുന്ന ഒരാളെ രക്ഷിക്കുവാൻ വേണ്ടി ഒരു കയറിട്ട് നൽകാം. എന്നാൽ പിടിച്ച് കയറുവാനുള്ള ശ്രമം നടത്തേണ്ടത് കിണറ്റിൽ കിടക്കുന്ന ആളുടെ കർത്തവ്യമാണ്. കഴിയില്ലെങ്കിൽ സ്ഥിതി അല്പം വഷളാണെന്നുമറിയുക.

ഇപ്രകാരമുള്ള ചിന്തയിൽ നിന്ന് രക്ഷപ്പെടുവാനായി ദൈവീക ചിന്തകൾ നിങ്ങളിൽ നിറയണം. പണിയപ്പെടുന്ന ചിന്തകൾ നിങ്ങളുടെ ഹൃദയത്തിൽ നിറയണം. ഇരുട്ടിനെ ആട്ടിയോടിക്കേണ്ട ആവശ്യം ഇല്ല. വെളിച്ചം കടന്നുവരുമ്പോൾ അത് താനേ പൊയ്ക്കൊള്ളും. ക്രിയാത്മക ചിന്തകൾ കടന്നുവരുമ്പോൾ മറ്റുള്ളവ മാറും. ബൈബിളിൽ പൗലോസ് എന്ന ക്രിസ്തുശിഷ്യൻ പറയുന്നു, "ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും, രമ്യമായത് ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവീൻ" (ഫിലി: 4:8) പൗലോസ് ഓർപ്പിക്കും പോലെ നല്ലതുമാത്രം ചിന്തിക്കാം. തെറ്റായ ചിന്തകൾക്കുവേണ്ടി മനസ്സിൽ സ്ഥാനം ഇടാതിരിക്കുക. തെറ്റായ ചിന്തകളും, സംസാരങ്ങളും ഒഴിവാക്കുകയും അത് പറയുന്നവരുമായി അകലുകയും ചെയ്യുക. നിങ്ങൾ അനുഗ്രഹിക്കപ്പെടാനായി ദൈവം നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. നല്ലതും, കെട്ടതും മുമ്പിലുണ്ട്, തിരഞ്ഞെടുപ്പ് നിങ്ങൾക്കുതന്നെയാണ്. എല്ലാ ദിവസവും രാവിലെ എഴുന്നേറ്റ് പ്രാർത്ഥിക്കുകയും നല്ല ചില ചിന്തകളെ ധ്യാനിക്കുകയും ചെയ്യുക.

പൗലോസ് എന്ന ഭക്തന്റെ ജീവിതത്തിൽ കഴിവില്ലാ, സാദ്ധ്യമല്ല എന്ന് തോന്നുമ്പോൾ അദ്ദേഹം ചിന്തിക്കും, "എന്നെ ശക്തനാക്കുന്നവൻ മൂലം എനിക്ക് സകലതും സാദ്ധ്യമാണ്." (ഫിലി.4:13)

'ക്രിയാത്മക ചിന്തകളും ജീവിത വിജയവും' എന്ന പുസ്തകത്തിൽ നോർമൻ വിൻസന്റ് പീൽ പറയുന്നു, "എന്നും രാവിലെ എഴുന്നേൽക്കുമ്പോൾ നിങ്ങളുടെ മുമ്പിൽ തിരഞ്ഞെടുക്കുവാനാകുന്നവിധത്തിൽ അനുകൂലവും പ്രതികൂലവുമായ പല സാഹചര്യങ്ങളും ഉണ്ടാകും. ഒരുവശത്ത് ക്രിയാത്മക മനോഭാവം സൂചിപ്പിക്കുന്ന സ്നേഹം, ഉത്സാഹം, വിശ്വാസം, പ്രത്യാശ എന്നിവയും, മറുവശത്ത് നിഷേധ മനോഭാവം സൂചിപ്പിക്കുന്ന വെറുപ്പ്, ഭയം, ഉത്കണ്ഠ, ദേഷ്യം, സംശയം എന്നിവയും ആണ് ഒരാളിനു മുമ്പിൽ പ്രത്യക്ഷപ്പെടുക."

ഇവയിൽ ഏത് തിരഞ്ഞെടുക്കണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. നിങ്ങളുടെ തിരഞ്ഞെടുപ്പ് നന്നായിരുന്നാൽ ശരിയായ ആരോഗ്യം, ഉന്മേഷം നിറഞ്ഞ മനസ്സ്, സന്തോഷം ഇവ നിങ്ങളിൽ പ്രതിഫലിക്കും. രോഗം പിടിച്ച് മനസ്സിന് നിരാശ ബാധിച്ച വ്യക്തിയാണ് നിങ്ങളെങ്കിൽ ഓരോ ദിവസവും എഴുന്നേൽക്കുമ്പോൾ, "ഞാൻ സൗഖ്യമാകും, എന്റെ ദൈവം എനിക്ക് സൗഖ്യം തരും." എന്ന് ഉരുവിട്ടുകൊണ്ട് ദൈവീക വാഗ്ദാനങ്ങളിൽ മുറുകെപിടിക്കുക. ദൈവം പറയുന്നു, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു."

➤04

വേദശാസ്ത്ര പഠനം



എഡിസൺ തോമസ്, വേങ്ങൂർ

## ക്രമീകൃത ദൈവശാസ്ത്രം

# സാത്താന്യ ശാസ്ത്രം

ദൂത ശാസ്ത്രത്തിന്റെ മറ്റൊരു ശാഖയാണ് സാത്താന്യ ശാസ്ത്രം. അതേ, ആത്മീയ മണ്ഡലത്തെ മൂന്നായി തിരിക്കാം. ഒന്നു ആത്മ സ്വരൂപിയായ ദൈവം, രണ്ട് ദൂതന്മാർ, മൂന്ന് അശുദ്ധാത്മാക്കൾ ഇതിൽ അശുദ്ധാത്മാക്കളെപ്പറ്റിയുള്ള പഠനമാണ് ഭൂതശാസ്ത്രം. മൂലഭാഷയിൽ ഡെവിൾ (Devil) ഡിമിൻ (Demon), ഈവിൾ സ്പിരിറ്റ് (Evil Spirit), സേറ്റൻ (Satan) എന്നിങ്ങനെ പ്രയോഗിച്ചു വരുന്നു. എബ്രായ ഭാഷയിൽ സാറ്റനാസ് (Satanos) എന്ന പദമാണ് സേറ്റൻ (Satan) എന്ന വാക്ക് കടന്നുവന്നത്. ഗ്രീക്കിൽ ഡിയോബോളോസ് (Diaboles) എന്നു പറയുന്നു.

സാത്താന്റെ ഉത്ഭവം - യെശ 14:12-16, യെഹ 28:12 -16, യോഹ 8:44, 1 തിമൊ 3:6, 1 യോഹ 3:8

**സാത്താനുവേണ്ടി ഉപയോഗിച്ചിട്ടുള്ള പേരുകൾ**

1. സാത്താൻ - മത്താ. 4:10
2. പിശാച് -മത്താ. 4:1
3. ബെയെസെബൂൽ - മത്താ. 12:24
4. കൊലപാതകൻ - യോഹ 8:44
5. അസത്യവാദി - യോഹ 8:44
6. പരീക്ഷകൻ - മത്താ 4:3
7. മഹാസർപ്പം - വെളി 12:8,9
8. ദുഷ്ടൻ - 1 യോഹ 5:19
9. ഈ ലോകത്തിലെ പ്രഭു - യോഹ 14:30
10. ഈ ലോകത്തിലെ ദൈവം - 2 കൊരി 4:4

**സാത്താന്റെ പ്രവർത്തികൾ**

1. പാപത്തിന് ആരംഭം കുറിച്ചു. ഉല്പ. 3:1-13, യെഹെ 28:15
2. ലോകത്തിൽ കഷ്ടത ഉണ്ടാകുന്നു ലൂക്കോ 13:16, 2 കൊരി 12:7,8
3. മനുഷ്യരെ കൊല്ലുന്നു. ഇയ്യോ 1:13-22.
4. തിന്മ ചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു 1 കൊരി 7:5
5. മനുഷ്യരുടെ മനസിനെ കുരുടാക്കുന്നു. 2 കൊരി 4:4

**സാത്താന്റെ തന്ത്രങ്ങൾ**

1. വഞ്ചന - എഫേ 6:10-18, 2 തെസ്സ 2:10
2. കൃത്രിമം - 2 കൊരി 11:14
3. പീഡനം - മത്താ 5:10-12
4. ഭോഷ്ക്ക് - യോഹ 8:44

**സാത്താന്റെ തന്ത്രങ്ങളെ ജയിക്കാനുള്ള മാർഗ്ഗങ്ങൾ**

സാത്താനെ ജയിക്കുവാനുള്ള തന്ത്രങ്ങളെപ്പറ്റി പൗലോസിന്റെ എഫേസ്യ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. അവ എഫേ 6:10-18

– കഴിഞ്ഞ ലക്കം തുടർച്ച–

1. സത്യമെന്ന ബെൽറ്റ്
2. നീതിയെന്ന കവചം
3. സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പ്
4. വിശ്വാസമെന്ന പരിച
5. രക്ഷയെന്ന ശിരസ്ത്രം
6. ദൈവവചനമെന്ന ആത്മാവിന്റെ വാൾ
7. കുഞ്ഞാടിന്റെ രക്തം, വെളി 12:11
8. യേശുവിന്റെ നാമം അപ്പോ. പ്രവ്യ. 3:6

# ഭൂത ശാസ്ത്രം

പഴയ നിയമത്തിൽ ഭൂതങ്ങൾ എന്ന വാക്ക് 'ഷെഡിം' ആവർത്ത 32:17 സങ്കീ. 106:36,37 എന്ന എബ്രായ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പുതിയ നിയമത്തിൽ ഡിയാമോൻ (Diamon) എന്നുമാണ്. ഭൂതങ്ങളുടെ ആസ്തിത്വത്തെ പറ്റി ബൈബിൾ പ്രസ്താവിക്കുകയും ചരിത്രം തെളിയിക്കുകയും ചെയ്യുന്നുണ്ട്.

**ഭൂതങ്ങളുടെ സ്വഭാവം**

1. ഭൂതങ്ങൾ അശുദ്ധിയും ദുഷ്ടതയും നിറഞ്ഞ ജീവികളാണ് ലൂക്കോ 8:27-28.
2. ഭൂതങ്ങൾ ആത്മ ജീവികളാണ്, ലൂക്കോ 24:39
3. ഭൂതങ്ങൾ ആളത്വമുള്ള ജീവികളാണ് യൂ 3:6
4. ഭൂതങ്ങൾ അദൃശ്യ ജീവികളാണ്, മത്താ 12:45, മർ 5:12-13
5. ഭൂതങ്ങൾ അതീവ ബുദ്ധിയുള്ള ജീവികളാണ് യാക്കോ 2:19

**ഭൂതങ്ങളുടെ പ്രവർത്തനം**

1. ഭൂതങ്ങൾ സാത്താന്റെ പ്രതിനിധികളായി പ്രവർത്തിക്കുന്നു മത്താ. 12: 24-30
2. ഭൂതങ്ങൾ സാത്താനോട് ചേർന്നു ദൈവത്തിന്റെ പരിപാടികളെ എതിർക്കുന്നു. ദാനി 10:10-14
3. ഭൂതങ്ങൾ വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്നു. ലേവ്യ 17:7, ആവർ 32:17
4. ഭൂതങ്ങൾ മനുഷ്യരെ പീഡിപ്പിക്കുന്നു. മത്താ 9:33, 12:22
5. മനുഷ്യരിൽ ധാർമ്മിക അധ:പതനം ഉളവാക്കുന്നു, ലേവ്യ 18:6-30, ആവ. 18:9-14

(തുടരും...)

ലേഖനം



പാസ്റ്റർ കെ. ജെ. മാത്യു

# പരിപോഷിപ്പിക്കുന്ന വിശ്വാസം

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനത്തിലെ ഒന്നാം ഭാഗത്ത് മാനസാന്തരം. രണ്ടാം ഭാഗം വിശ്വാസവും. വിശ്വാസം എന്നതിന് സ്നേഹത്തോടു കൂടിയ ആശ്രയം, സ്വീകരണം, അംഗീകരണം എന്നിങ്ങനെ അർത്ഥമുണ്ട്. ഉറപ്പായ വിശ്വാസം എന്ന് പറയുന്നത്, ഉറപ്പുള്ള ഒരു ദൈവത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും ശരണം വെയ്ക്കുകയാണത്. ദൈവത്തിൽ വിശ്വാസമുണ്ടാവുക എന്നതിന്റെ അർത്ഥം ഏറ്റവും ലളിതമായി പറഞ്ഞാൽ അവനിൽ ശരണപ്പെടുകയും ദൈവം തന്റെ വചനത്തിലൂടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിശ്വസിക്കുകയുമാണ്. ബുദ്ധികൊണ്ട് വിശ്വസിച്ചാൽ മാത്രം പോരാ, മനസ്സുകൊണ്ട് ഹൃദയത്തിൽ അംഗീകരിച്ചു സ്വീകരിക്കണം. ദൈവവചനത്തിൽ മാറ്റമില്ലാത്ത സത്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. നമ്മുടെ വിശ്വാസം സ്ഥിരമായി വചനത്തിലേക്ക് മാത്രം ദൃഷ്ടി ഉറപ്പിക്കുന്ന പക്ഷം ഒരിക്കലും നാം വീണു പോകുവാൻ ഇടയാവുകയില്ല. ദൈവത്തിൽ വിശ്വാസമുളവാക്കുവാൻ ഇന്ന് തിരുവചനവും സഭകളും ദൈവാലയങ്ങളും ദൈവത്തിന്റെ അഭിഷിക്തന്മാരും ഉണ്ടെങ്കിലും ദൈവത്തിലുള്ള നമ്മുടെ വിശ്വാസം എപ്രകാരമുള്ളതാണെന്ന് പ്രകടമാക്കേണ്ടത് നമ്മുടെ പ്രവർത്തികളാണ്.

നമ്മുടെ വികാരങ്ങൾ നമ്മോട് പറയുന്നവയും മറ്റ് മനുഷ്യർ പറയുന്നവയുമായ കാര്യങ്ങളെ അവഗണിച്ചു കൊണ്ടാണ് നാം ഇപ്രകാരം ചെയ്യേണ്ടത്. നമ്മുടെ വികാരങ്ങൾ പലപ്പോഴും വളരെ വഞ്ചനാത്മകമാണ്. അതിനാൽ നാം ഒരിക്കലും അവയിൽ ആശ്രയിക്കരുത്. ദൈവത്തിലുള്ള വിശ്വാസത്തിന് നാം രണ്ടാം സ്ഥാനം കൊടുക്കുകയോ അതിനെ തർക്കവിഷയമാക്കുകയോ ചെയ്യുന്നത് മാരകമാണ്. നാം വിശ്വസിക്കുന്നത് എന്താണോ അതാണ് നാം. നമ്മുടെ സകല പ്രവർത്തനവും നിയന്ത്രിക്കപ്പെടുന്നത് വിശ്വാസത്താലാണ്.

നാം ദൈവത്തിൽ വിശ്വസിക്കുന്ന പക്ഷം അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിക്കും. മാത്രമല്ല പാപത്തിന്റെ ശക്തിയിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യും. നമുക്ക് വിശ്വാസം എങ്ങനെ ലഭിക്കും? അതിന് ഒരൊറ്റ മാർഗ്ഗമേയുള്ളൂ. "വിശ്വാസം കേൾവിയാലും. കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" എന്ന് ദൈവവചനം പറയുന്നു. (റോമർ 10:17) മറ്റൊരു വിധത്തിൽ പറഞ്ഞാൽ തന്റെ വചനത്തിൽ കൂടെ നമ്മോട് സംസാരിക്കുവാൻ നാം ദൈവത്തെ അനുവദിക്കുമെങ്കിൽ നമുക്ക് വിശ്വാസം ലഭിക്കും. വിശ്വാസം വർദ്ധിക്കും. യേശു പറഞ്ഞു "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളികളകയില്ല" (യോഹ 6:37) ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ (എബ്രാ 11:6). സാഹചര്യങ്ങൾ മാറുകയും അറിവ് വർദ്ധിക്കുന്നതിനനുസരിച്ച് മനുഷ്യരുടെ വാക്കുകൾക്കും ആശയങ്ങൾക്കും മനോഭാവങ്ങൾക്കും വ്യതിയാനം വരാം. എന്നാൽ ദൈവം മാറ്റമില്ലാത്തവനാകയാൽ തന്റെ വാക്കുകൾക്കും വാഗ്ദത്തങ്ങൾക്കും മനോഭാവങ്ങൾക്കും മാറ്റം വരുന്നില്ല. നാം നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണം നമ്മിലെ വിശ്വാസത്തിന്റെ അപര്യാപ്തതയാണ്. എന്നാൽ ദൈവത്തിന്റെ കരം പിടിച്ച് വിശ്വാസത്താൽ മുമ്പോട്ട് നടക്കുമ്പോൾ പ്രശ്നങ്ങൾ സാരമില്ലായെന്ന് തോന്നും.

കൃപയാൽ നാം വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതായി ദൈവവചനം പറയുന്നു. സ്വർഗ്ഗീയ ദാനങ്ങൾ നിറഞ്ഞതും നമ്മുടെ നേരെ നീട്ടപ്പെടുന്നതുമായ ദൈവത്തിന്റെ കരമാണ് കൃപ എന്നത്. വിശ്വാസമെന്നതോ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെട്ട് സ്വർഗ്ഗീയ അനുഗ്രഹങ്ങൾ സ്വീകരിക്കുന്ന നമ്മുടെ കരമത്രേ. നമുക്ക് നൽകുവാനായി ഒട്ടനേകം അത്ഭുത കാര്യങ്ങൾ ദൈവത്തിന്റെ പക്കലുണ്ട്. അവിടത്തെ ദാനങ്ങളെല്ലാം കൃപയാലുള്ളവയാണ്. എങ്കിലും അവ സ്വീകരിക്കുവാൻ നമുക്ക് വിശ്വാസം ആവശ്യമായിരിക്കുന്നു.

മുഴുലോകവും ഒരുവശത്തു നിൽക്കുന്നു. മറുവശത്ത് വിശ്വാസത്തിന്റെ നിരയാണ്. യഥാർത്ഥത്തിൽ രണ്ടുതരം ആളുകളേ ലോകത്തിലുള്ളൂ. ധനികരും ദരിദ്രരുമല്ല, കറുത്തവരും വെളുത്തവരുമല്ല, അഭ്യസ്ത വിദ്യരും വിദ്യാഹീനരുമല്ല, യഹൂദനും യവനുമല്ല, പുരുഷനും സ്ത്രീയുമല്ല, ക്രിസ്തുവിൽ ഇങ്ങനെയുള്ള യാതൊരു വ്യത്യാസവുമില്ല. ദൈവം വിശ്വാസിയേയും അവിശ്വാസിയേയും മാത്രമേ കാണുന്നുള്ളൂ. വിശ്വാസമാണ് വ്യത്യാസമുണ്ടാക്കുന്നത്. ഒരു വ്യക്തിയും മറ്റൊരു വ്യക്തിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമാണ്. വിശ്വാസമാണ് പുതിയ വ്യവസ്ഥിതി. അവിശ്വാസം മരിച്ചുപോയ പഴയ വ്യവസ്ഥിതിയാണ്. മനുഷ്യരെ വേർതിരിക്കുന്ന രേഖ വിശ്വാസമാണ്. വിശ്വാസം ഉള്ളവരായിരിക്കുക. അല്ലെങ്കിൽ അശേഷം വിശ്വാസം ഇല്ലാത്തവരായിരിക്കുക. അതാണ് നമ്മുടെ ജീവിത സമീപനത്തിൽ വ്യത്യാസം ഉളവാക്കുന്നത്. കാര്യങ്ങൾ അസാദ്ധ്യമാക്കുമ്പോൾ വിശ്വാസമാണ് അതിന് ഉത്തരം. സാദ്ധ്യതയ്ക്കു മാത്രമുള്ളതല്ല വിശ്വാസം. ദൈവത്തിനു വേണ്ടി ഏത് സാഹചര്യത്തിലും എന്തും പ്രവൃത്തിക്കുവാൻ മടിക്കാത്ത വിശ്വാസമുള്ളവരെയാണ് ദൈവത്തിന് ആവശ്യം. അവർക്കു മാത്രമേ ദൈവീക ദൗത്യങ്ങൾ ദൈവഹിത പ്രകാരം പൂർത്തീകരിക്കുവാൻ കഴിയൂ.

## സോദരീ സമാജം ഭാരവാഹികൾ



സാലി വർഗ്ഗീസ് (പ്രസിഡന്റ്), റ്റി. കെ. ഏലിയാമ്മ (വൈസ്പ്രസിഡന്റ്), റോസമ്മ ജോൺ (സെക്രട്ടറി), സുജ മാത്യു (ജോ. സെക്രട്ടറി), ആനി തോമസ് (ട്രഷറാർ)

**ആലപ്പുഴ:** ഐ. പി. സി. ആലപ്പുഴ മേഖലാ സോദരീ സമാജം ഭാരവാഹികളെ തെരഞ്ഞെടുത്തു. മേഖലാ പ്രസിഡന്റ് പാസ്റ്റർ എം. വി. വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആലപ്പുഴ ഈസ്റ്റ്, ആലപ്പുഴ വെസ്റ്റ്, മാവേലിക്കര ഈസ്റ്റ്, മാവേലിക്കര വെസ്റ്റ്, ചേർത്തല എന്നീ സെന്ററുകളിൽ നിന്നുള്ളവർ പങ്കെടുത്തു. ആലപ്പുഴ മേഖലാ സോദരീ സമാജം ഭാരവാഹികളായി പാസ്റ്റർ എം. വി. വർഗ്ഗീസ് രക്ഷാധികാരി, സഹോദരിമാരായ സാലി വർഗ്ഗീസ് (പ്രസിഡന്റ്), റ്റി. കെ. ഏലിയാമ്മ (വൈസ്പ്രസിഡന്റ്), റോസമ്മ ജോൺ (സെക്രട്ടറി), സുജ മാത്യു (ജോ. സെക്രട്ടറി), ആനി തോമസ് (ട്രഷറാർ) എന്നിവരെ തെരഞ്ഞെടുത്തു. പാസ്റ്റർമാരായ ഏബ്രഹാം ജോർജ്ജ്, മോനി ചെന്നിത്തല എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗവും

**ചാലക്കുടി:** കൊരട്ടി അസംബ്ലീസ് ഓഫ്ഗോഡ് ക്രിസ്തുജ്യോതി പ്രയർ സെന്ററിൽ ജൂൺ 23-25 വരെ ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗവും നടക്കും, കർത്തൃദാസന്മാരായ സന്തോഷ് വർഗ്ഗീസ് (മുംബൈ), റെജി നാരായണൻ എന്നിവർ ശുശ്രൂഷിക്കും. പാസ്റ്റർ ജോസഫ് ദേവസ്യാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## ബൈബിൾ ക്ലാസ്സ്

**ചാലക്കുടി:** ടി. ബി. സി. ചർച്ചിന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി സെന്റ് പോൾസ് കോളേജിൽ വെച്ച് എല്ലാ തിങ്കൾ, ചൊവ്വാ, ബുധൻ എന്നീ ദിവസങ്ങളിൽ വൈകിട്ട് 6-8.30 വരെ ബൈബിൾ ക്ലാസ്സ് നടക്കുന്നു. പാസ്റ്റർമാരായ ബിജു ജോസഫ്, കെ. എം. ബർന്നബാസ്, കെ. ജെ. ഫിലിപ്പ് എന്നിവർ ക്ലാസ്സെടുക്കുന്നു.

# ഐ. പി.സി. കൽപ്പറ്റ ഏരിയയ്ക്ക് പുതിയ ഭരണസമിതി



ഇവാ. ജോർജ്ജ്. കെ. ശാമുവേൽ (സ്പോൺസർ ഡയറക്ടർ), പാസ്റ്റർ ജോസഫ് കെ. മാത്യു (പ്രസിഡന്റ്), ഇവാ. റ്റി. എസ്. ജോസഫ് (സെക്രട്ടറി), ഇവാ. സജി നെടുങ്കണ്ടം (പബ്ലിസിറ്റി കൺവീനർ)

**കൽപ്പറ്റ:** ഐ. പി. സി. കൽപ്പറ്റ ഏരിയയുടെ വാർഷിക ജനറൽ ബോഡിമീറ്റിംഗ് 2011 ജൂൺ 11-ാം തീയതി ശനിയാഴ്ച ഏരിയ പ്രസിഡന്റ് പാസ്റ്റർ ജോസഫ് കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൽപ്പറ്റ വീനസ് ഹാളിൽ നടന്നു. പ്രസ്തുത മീറ്റിംഗിൽ വാർഷിക റിപ്പോർട്ടും വരവു ചെലവ് കണക്കുകളും അവതരിപ്പിച്ചു. തുടർന്ന് 2011- 2012 വർഷത്തിലേയ്ക്കുള്ള പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. ഇവാ. ജോർജ്ജ് കെ. ശാമുവേൽ (സ്പോൺസർ ഡയറക്ടർ), പാസ്റ്റർ ജോസഫ് കെ. മാത്യു (പ്രസിഡന്റ്), ഇവാ. പി. വി. സന്തോഷ് (വൈസ് പ്രസിഡന്റ്), ഇവാ. റ്റി. എസ്. ജോസഫ് (സെക്രട്ടറി), ബ്രദർ. വി. സി. മാത്യു (ജോയിന്റ് സെക്രട്ടറി), ഇവാ. സജി നെടുങ്കണ്ടം (പബ്ലിസിറ്റി കൺവീനർ), ബ്രദർ. അഗസ്റ്റിൻ വെണ്ണായിപ്പള്ളി (ട്രഷറാർ). എന്നിവരെകൂടാതെ പാസ്റ്റർ ഡി. മാത്യു, പാസ്റ്റർ എം. ജെ. തോമസ്, പാസ്റ്റർ ക്ലിറ്റസ് ജോർജ്ജ്, ബ്രദർ. ജോണിമാത്യു, ബ്രദർ കെ. എം. ജോസഫ് കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. ഏരിയയിൽ ഇപ്പോൾ പതിനേഴ് വേലസ്ഥലങ്ങളും പ്രവർത്തകരുമുണ്ട്.


**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം

Believers Journal
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105


## ചോദ്യോത്തര വേദി

# പരിണാമസിദ്ധാന്തവും ദൈവസൃഷ്ടിയും ജോൺ പോൾ മാർപാപ്പയും




**ചോദ്യം:** 1996-ൽ ജോൺപോൾ മാർപാപ്പ, ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം ശരിയാണെന്ന് പ്രഖ്യാപിച്ചിരുന്നു. അദൃശ്യനായ ദൈവത്തെ നിഷേധിക്കുവാൻ ശാസ്ത്രം ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ളത് ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തം ആണ്. ദൈവത്തിന്റെ സൃഷ്ടി വിവരണമായ ഉല്പത്തി ഒന്നാം അദ്ധ്യായം മുതൽ പതിനൊന്നാം അദ്ധ്യായം വരെ പോപ്പ് നിഷേധിക്കുന്നതുവഴി, ദൈവവചനത്തിന്റെ വിശ്വാസ്യത കുറയുമോ? ജോൺപോൾ മാർപാപ്പയെ വിശുദ്ധനായി കത്തോലിക്കാ സഭ പ്രഖ്യാപിക്കുവാൻ പോകുകയാണ്.

**ഡോൺ ജോൺ, ബാംഗ്ലൂർ**

**ഉത്തരം:** AD1616 -ൽ ഗലീലിയോ എന്ന കത്തോലിക്കാ ശാസ്ത്രജ്ഞൻ ടെലിസ്കോപ്പ് കണ്ടുപിടിച്ചു. ഭൂമി ഉരുണ്ടതാണെന്നും, ഭൂമി സൂര്യനെ വലം വയ്ക്കുകയാണെന്നും തെളിയിച്ചു. AD 1633 -ൽ, കത്തോലിക്കാ സഭയും അന്നത്തെ പോപ്പും ഗലീലിയോ തെറ്റുകാരനാണെന്ന് വിധിക്കുകയും, മതനിന്ദയുടെ പേരിൽ ജീവിതകാലം മുഴുവൻ വീട്ടുതടങ്കലിൽ കിടത്തുകയും ചെയ്തു. കത്തോലിക്കാ സഭയും പോപ്പും ഭൂമി പരന്നതാണെന്നാണ് അന്നുവരെ വിശ്വസിച്ചിരുന്നത്. എന്നാൽ ഭൂമി ഉരുണ്ടതാണെന്ന് ബൈബിളിൽ നിന്ന് മനസ്സിലാക്കാം (ഇയ്യോബ് 26:7; യെശയ്യാവ് 40:22; സദൃശ്യ വാക്യങ്ങൾ 8:27). പോപ്പിനും കത്തോലിക്കാസഭയ്ക്കും ദൈവവചനത്തിലുള്ള അറിവില്ലായ്മ മൂലമാണ് ഗലീലിയോ എന്ന ശാസ്ത്രജ്ഞനെ കുറ്റവാളിയായി പ്രഖ്യാപിച്ചത്.

ദൈവത്തെ നിഷേധിക്കുവാൻ ശാസ്ത്രം ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ളത് ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം തന്നെയാണ്. എന്നാൽ DNA കണ്ടുപിടിക്കപ്പെട്ടതോടു കൂടി വികസിതരാജ്യങ്ങളിലെല്ലാം പരിണാമസിദ്ധാന്തം പൂർണ്ണമായും പുറത്തായി. മനുഷ്യന്റെ DNA കണ്ടുപിടിക്കപ്പെട്ടതോടുകൂടി അവന്റെ പൂർവ്വപിതാവ് ഒരു കുരങ്ങനോ മറ്റൊരു ജീവിയോ അല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കയാണ്. മനുഷ്യന്റെ പൂർവ്വപിതാക്കന്മാരെ DNA ടെസ്റ്റിലൂടെ കണ്ടെത്തുമ്പോൾ ഒരിക്കലും ഒരു മൃഗത്തിലോ മറ്റു ജീവികളിലോ ശാസ്ത്രം പോയി നിൽക്കുന്നില്ല. അതായത് മൃഗത്തിന്റെ DNAകോഡ് വേറെ, മനുഷ്യന്റെ DNAകോഡ് വേറെ, പക്ഷികളുടെ DNAകോഡ് വേറെ. DNA ടെസ്റ്റ്ഫലം കോടതികൾപോലും അംഗീകരിച്ച ശാസ്ത്ര സത്യമാണ്. **"സകല മാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മത്സ്യങ്ങളുടെ മാംസം വേറെ" (1കൊരി15:39)**

കുറേപ്പേർ ചേർന്ന് ഭൂമിയിൽ വച്ച് ചിലർക്ക് അവാർഡ് കൊടുത്താലും, വിശുദ്ധനായി പ്രഖ്യാപിച്ചാലും , **'എല്ലാവരുടെയും ചിന്തകളും ഉദ്ദേശങ്ങളും ആലോചനകളും കർത്താവറിയുന്നു. എല്ലാവരും തങ്ങളുടെ പ്രവർത്തികളുടെ പ്രതിഫലം പ്രാപിക്കേണ്ടതിന് ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്കേണ്ടതാകുന്നു' (1കൊരി 4:5;2 കൊരി 5:10). 'അവനു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലതും അവന്റെ കൺമുമ്പിൽ നഗ്നവും തുറന്നതുമായി കിടക്കുന്നു; അവനോടാകുന്നു നാം കണക്കു ബോധിപ്പിക്കേണ്ടത്" (എബ്രായർ 4:13).**

വിശ്വാസജീവിതത്തിൽ ദൈവവചനത്തിന്റെ പ്രഥമസ്ഥാനം മാറ്റാൻ ലോകത്തിലെ പല ഉന്നതരും എല്ലാ കാലഘട്ടങ്ങളിലും ശ്രമിച്ചിട്ടുണ്ട്. അവരെല്ലാം അവരുടെ പ്രതിഫലം വാങ്ങാൻ മൺമറഞ്ഞിട്ടും **വചനം ഇന്നും** വിശ്വസിക്കുന്നവർക്ക് ശക്തി നല്കികൊണ്ട് അചഞ്ചലമായി നിലനില്ക്കുന്നു.

ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചതാണന്ന് ജോൺപോൾ മാർപാപ്പ വിശ്വസിച്ചില്ലെങ്കിലും, മനുഷ്യാവതാരമെടുത്ത യേശുക്രിസ്തു വിശ്വസിച്ചിരുന്നു. കർത്താവ് ഇപ്രകാരം അരുളി ചെയ്തു: "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ?" (മത്തായി 19:4). രണ്ടാം തലമുറയിലെ ഹാബേലിന്റെ കാര്യവും കർത്താവ് പറഞ്ഞിരുന്നു: "നിതീമാനായ ഹാബേലിന്റെ രക്തം മുതൽ....... ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തമെല്ലാം നിങ്ങളുടെമേൽ വരേണ്ടതാകുന്നു. ഇതൊക്കെയും ഈ തലമുറയുടെമേൽ വരുമെന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു" (മത്തായി 23:35).

ആദാമിന്റെയും ഹവ്വായുടെയും സൃഷ്ടിപ്പിന്റെ വിവരണം ദൈവവചനമായി പൗലോസ് അപ്പോസ്തലനും പത്രോസ് അപ്പോസ്തലനും വിശ്വസിച്ചിരുന്നു (2 തിമൊ. 3:16; 2 പത്രോസ് 3:16). **ആരെയാണ് നമ്മൾ വിശ്വസിക്കേണ്ടത്: കർത്താവിനെയും അപ്പോസ്തലന്മാരെയുമോ അതോ പോപ്പ് ജോൺ പോളിനെയോ?**

# കുമ്പനാട് സംഗമം സുവനീർ പുറത്തിറക്കുന്നു

**ഫ്ളോറിഡ:** നോർത്ത് അമേരിക്കയിലും, കാനഡായിലും പാർക്കുന്ന മലയാളികളുടെ പ്രവാസി സംഘടനയായ കുമ്പനാട് സംഗമം, കുമ്പനാട് ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സുവനീർ 2012 ജനുവരിയിൽ പുറത്തിറക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. രാജൻ ആര്യപ്പള്ളിൽ, മോനി കൊടുന്തറ, ഏബ്രഹാം വള്ളിയിൽ, തമ്പിമാത്യു എന്നിവരടങ്ങുന്ന പ്രസിദ്ധീകരണ സമിതി സുവനീറിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സുവനീറിലേക്ക് നിങ്ങളുടെ പരസ്യങ്ങളും കുമ്പനാടിനെക്കുറിച്ചുള്ള ചരിത്രവിവരങ്ങൾ, കഥ, കവിത, ചിത്രീകരണം എന്നതിനോടൊപ്പം കുമ്പനാട്ടും പരിസരങ്ങളിൽ നിന്നുമായി അമേരിക്കയിലും, കാനഡായിലുമായി കുടിയേറി പാർക്കുന്നവർ തങ്ങളുടെ ഫോട്ടോയും വിവരങ്ങളും അയച്ചുതന്നാൽ അതും പ്രസിദ്ധീകരിക്കുന്നതാണെന്ന് പ്രസിഡന്റെ ചാക്കോ സ്റ്റീഫൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ നമ്പർ: 863 - 248 - 9361

പരസ്യങ്ങൾ, ചരിത്രവിവരങ്ങൾ, ഫോട്ടോകളും അയക്കേണ്ട വിലാസം P.O. Box 620742, Atlnta, GA 30362, E-mail: kumbanadsangamam@gmail.com Or ariyappally@gmail.com

# മേപ്രാൽ സഭാ ഹാൾ സമർപ്പിച്ചു



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മേപ്രാൽ സഭാ ഹാളിന്റെ പ്രതിഷ്ഠാശുശ്രൂഷാ ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ നിർവ്വഹിക്കുന്നു.

# ശാലേം ട്രാക്ട് സൊസൈറ്റി സുവർണജൂബിലി വാർഷികം



**കോട്ടയം:** മലയാളത്തിലെ പ്രഥമ പെന്തെക്കോസ്തു ലഘുലേഖാപ്രസാധനസമിതിയായ ശാലേം ട്രാക്ട് സൊസൈറ്റിയുടെ 50 -ാമതു വാർഷിക സമ്മേളനം ജൂൺ 26 നു കഞ്ഞിക്കുഴി ഐ. പി. സി. ഫിലദൽഫ്യ ഹാളിൽ നടന്നു. പ്രസിഡന്റ് ബ്രദർ പി. എം. ചെറിയാന്റെ അധ്യക്ഷതയിൽ പാസ്റ്റർ ബഞ്ചമിൻ വർഗീസ് മുഖ്യ സന്ദേശം നല്കി. സെക്രട്ടറി കെ. വി. രാജു വാർഷിക റിപ്പോർട്ടും ട്രഷറർ എം. സി. നൈനാൻ കണക്കും അവതരിപ്പിച്ചു. പാസ്റ്റർ എം. സി. അച്ചമോൻ സ്വാഗതവും ബെന്നി പുള്ളോലിക്കൽ നന്ദിയും പറഞ്ഞു. സൊസൈറ്റി ഭാരവാഹികളായി ബ്രദർ പി. എം. ചെറിയാൻ (പ്രസിഡന്റ്), പാസ്റ്റർ എം. സി. അച്ചമോൻ, ബ്രദർ വെസ്ലി മാത്യു (യു. എസ്.ചാപ്റ്റർ) (വൈസ് പ്രസിഡന്റുമാർ), സുവി. കെ. വി. രാജു (സെക്രട്ടറി), ബ്രദർ എം. സി. നൈനാൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

ഇതിനോടകം ആറുകോടിയോളം ട്രാക്റ്റുകൾ സൊസൈറ്റി അടിച്ചു വിതരണം ചെയ്തിട്ടുണ്ട്. സുവിശേഷയാത്രകൾ, സെമിനാറുകൾ, വടക്കേ ഇന്ത്യൻ സുവിശേഷീകരണ പദ്ധതികൾ എന്നിവയും സൊസൈറ്റി ചെയ്തുവരുന്നു.

<02 **യുവജന പംക്തി**

"ഇതാ ഞാൻ (ദൈവം) രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്യും." (യിരമ്യാവ്: 33:6) ഈ വചനങ്ങൾ വിശ്വസിക്കുക, മനസ്സിലെ മറ്റ് നിഷേധചിന്തകളെ മാറ്റി ഇവയെ കൊണ്ട് നിറക്കുക. പ്രത്യാശയുടെ ഉറവിടമായ ദൈവത്തിൽ നിങ്ങളുടെ ജീവിതം സുരക്ഷിതമാണെന്നുറക്കുക. ഡോ. റീലി താൻ ജീവിച്ചിരുന്ന കാലമത്രയും ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു,

"എനിക്ക് ശുദ്ധ മനസ്സ് തന്നതിന് ദൈവത്തിനു സ്തുതി. ഉറച്ച ഹൃദയം തന്നതിന് ദൈവത്തിന് നന്ദി. പ്രവർത്തന ക്ഷമമായ കരൾ തന്നതിന് നന്ദി. എനിക്ക് കേൾവി ശക്തിയും, കാഴ്ചശക്തിയും പ്രദാനം ചെയ്തതിന് നന്ദി. എന്റെ ശരീരത്തിന്റെ പ്രവർത്തനം കുറ്റമറ്റതായി പോകുന്നതിന് സഹായിച്ച അങ്ങയുടെ സൃഷ്ടി വൈഭവത്തിന് നന്ദി"

* (Why some Positive thinkers get powerfull results - Norman Vincent Peale)

കുറ്റത്തെയും രോഗത്തെയും കാണാതെ ആരോഗ്യം തരുന്ന ദൈവത്തിന് നന്ദിയർപ്പിക്കുമ്പോൾ ഓരോ ദിനവും നിങ്ങൾ പുതിയ വ്യക്തിത്വത്തിനുടമകളാകുന്നു. നിങ്ങളുടെ ഉള്ളിലെ തെറ്റായ ചിന്തകളെ മാറ്റുവാനായി ശ്രമിക്കുന്നതോടൊപ്പം അതിനായി ദൈവത്തോടപേക്ഷിക്കുക. നിങ്ങളുടെ പ്രത്യാശയും വിശ്വാസത്തെയും നഷ്ടപ്പെടുത്തുന്ന ചിന്തകൾ കൊണ്ടുവരുന്ന പിശാചിന്റെ ശക്തിയെ അകറ്റുക. നിങ്ങളുടെ മനസിന്റെ നിയന്ത്രണം സർവ്വ നിയതാവായ ദൈവം ഏറ്റെടുക്കട്ടെ.



# വിദ്യാഭ്യാസ കച്ചവടത്തിന്റെ പിന്നാമ്പുറ കഥകൾ

“ഹലോ” പ്രയ്സ് ദ ലോഡ്

“പ്രയ്സ് ദ് ലോഡ്, ആരാണ് വിളിയ്ക്കുന്നത്. മനസിലായില്ലല്ലോ?”

ഞാൻ പാസ്റ്റർ തോമാച്ചൻ. തിരുവല്ലയിൽ നിന്നാണ് വിളിക്കുന്നത്.

“എന്താണ് കാര്യം?

“സാറിന്റെ മകൾ പ്ലസ്ടുവിന് ജയിച്ചന്നറിഞ്ഞു വിളിച്ചതാ”

“എന്റെ മകൾ ജയിച്ചെന്ന് പാസ്റ്റർ എങ്ങനെയറിഞ്ഞു.”

“ഞാൻ ഈ ഫീൽഡിലായിട്ട് കുറച്ചു വർഷമായി സാറേ. ഇനി മോളെ ഏതു കോഴ്സിനാ ചേർക്കുന്നത്, നേഴ്സിംഗ്, എഞ്ചിനീയറിംഗ്, മെഡിസിൻ ഏതിനുവേണമെങ്കിലും സീറ്റുണ്ട്. നേരിൽ വന്നു സാറിനെക്കാണാം.”

“ഉപദേശിയാണെന്നു പറഞ്ഞിട്ട് ഈ പണിയൊക്കെയാണോ ചെയ്യുന്നത്”

“എന്റെ സാറെ ജീവിയ്ക്കണ്ടെ”

ഈ സീസണിൽ പല പ്രാവശ്യം കേട്ട സംഭാഷണങ്ങളിൽ ഒന്ന്. ഇത് അഡ്മിഷൻ കാലം. ഏജന്റുമാരുടെ ചാകരക്കാലം. കൂടുതൽ വാചകമടിയ്ക്കുവാൻ കഴിവുള്ളവർ നേടുന്നത് ലക്ഷങ്ങൾ. നിലവാരമില്ലാത്ത സ്ഥാപനങ്ങൾ വിദ്യാർത്ഥികളെ കൊണ്ടുവരുന്നവർക്കു വാരിക്കോരി കമ്മീഷൻ നൽകുന്നു. ആദ്യകാലത്ത് വീടുകൾ കയറിയിറങ്ങി വിദ്യാർത്ഥികളെ പിടിച്ചിരുന്ന രീതിമാറി. പത്രങ്ങളിലും ടി. വിയിലും പരസ്യം കൊടുത്തും സ്പോട്ട് അഡ്മിഷൻ കൊടുത്തും സെമിനാർ സംഘടിപ്പിച്ചുമൊക്കെ വിദ്യാർത്ഥികളെ വലയിലാക്കുന്നു. ഏജന്റുമാർ പറയുന്ന വ്യാജങ്ങൾ വിശ്വസിച്ച് അഡ്മിഷൻ നേടിക്കഴിയുമ്പോൾ മാത്രമേ തങ്ങൾ ചതിക്കപ്പെട്ടുവെന്ന യാഥാർത്ഥ്യം പലരും മനസിലാക്കുകയുള്ളു. ചില സ്ഥാപനങ്ങളിൽ അച്ചടക്കം, സുരക്ഷ, നല്ല പഠന സൗകര്യങ്ങൾ, നല്ല ഭക്ഷണം, താമസ സൗകര്യം ഇവയൊന്നും കാണുകയില്ല. ഒരു കാലത്ത് വിശ്വാസി സഹോദരങ്ങൾ അഡ്മിഷൻ രംഗത്ത് പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ കാലത്ത് ഗേഹസിയുടെ പിൻതലമുറക്കാരിൽപ്പെട്ട ചില “ഉപദേശിമാർ” ഈ പണി ഏറ്റെടുത്തിരിക്കുന്നു. തങ്ങൾ അഡ്മിഷൻ ചെയ്തുകൊടുക്കും എന്ന് പാസ്റ്റർ ലേബലും വച്ച് പരസ്യം കൊടുക്കുവാൻ വരെ അവർ തയ്യാറാകുന്നു.

ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് എന്ന ഗ്രാമത്തിൽ നിന്നും ഈയടുത്ത് വായിച്ച പത്രവാർത്ത പെന്തക്കോസ്തുകാരായ നമ്മെ ഞെട്ടിച്ചു. സ്വന്ത ഭർത്താവിനൊപ്പം ഒരു മുറിയിൽ കിടക്കുമ്പോൾ മൂടിപ്പുതച്ചുകിടന്ന് തന്നോടൊപ്പം നേഴ്സിംഗ് പഠിക്കുന്ന കാമുകന് എസ്. എം. എസ്. അയച്ച യുവതിയെ ഭർത്താവ് വെട്ടിക്കൊന്നുവെന്നായിരുന്നു ആ വാർത്ത. ഇവിടെ നിന്ന് പഠനത്തിനായി പോയ പല കുട്ടികളും വഴിതെറ്റിപ്പോയി. എന്താണ് കാരണം. ഉപരി പഠനത്തിനായി കുഞ്ഞുങ്ങളെ വിടുന്നതിനു മുമ്പ് ശരിയായ അന്വേഷണം നടത്തേണ്ടതിന്റെ പ്രസക്തി ഇവിടെയാണ്. ഉപദേശി വേഷം അണിഞ്ഞും ആത്മീയ സംഘടനയുടെ പേരുപറഞ്ഞും ജീവകാരുണ്യത്തിന്റെ ലേബലിലും നിങ്ങളെ സമീപിക്കുന്നവരുടെ ലക്ഷ്യം ഒന്നു മാത്രമാണ്. തങ്ങൾക്കു ലഭിക്കുന്ന ഭീമമായ കമ്മീഷനിൽ മാത്രമാണ് അവരുടെ ശ്രദ്ധ. എന്നാൽ ശരിയായ അന്വേഷണം നടത്തിയും മുമ്പ് പഠിച്ചവരോടു ചോദിച്ചും സ്ഥാപനത്തിന്റെ നിലവാരം അറിയുക. പെന്തക്കോസ്തരായ നമ്മുടെ കുഞ്ഞുങ്ങൾക്കു പറ്റുന്ന സാഹചര്യമാണോ ആ സ്ഥാപനത്തിലുള്ളത് എന്നതും ചിന്തിക്കുക. ഇല്ലായെങ്കിൽ പള്ളിപ്പാടു സംഭവം ഓർക്കുക. കമ്മീഷൻ തുകയിൽ ആർത്തിപൂണ്ടവർ നിലവാരമില്ലാത്ത കോളേജുകളിൽ കുട്ടികളെ എത്തിക്കുവാൻ തത്രപ്പെടുന്നു.

ഈയടുത്ത് ഒരു പെന്തക്കോസ്തു സംഘടനയുടെ അറിയിപ്പ് പത്രങ്ങളിൽ വന്നു. ജീവകാരുണ്യ പ്രവർത്തനഭാഗമായി ജനറൽ നേഴ്സിംഗ് വിദ്യാർത്ഥികൾക്കു സൗജന്യ പഠനം എന്നതായിരുന്നു വാർത്ത. എന്നാൽ ആ സംഘടന B.Sc നേഴ്സിംഗ്, ഡിഗ്രി, എഞ്ചിനിയറിംഗ് ഇങ്ങനെ പല കോഴ്സുകളുടെയും അഡ്മിഷനും തരപ്പെടുത്തിക്കൊടുക്കുന്നു. ഈ പരസ്യത്തിലെന്താണ് കുഴപ്പം എന്നു ചോദിച്ചാൽ അഡ്മിഷനിൽ നിന്നു ലഭിക്കുന്ന കമ്മീഷനെക്കുറിച്ചു കൂടി അറിയണം. 10000 മുതൽ 1 ലക്ഷം വരെ. ഓരോ സീറ്റിനും കമ്മീഷൻ ലഭിക്കുന്ന ഈ രംഗത്ത് പുതിയ തന്ത്രം പരീക്ഷിക്കുകയാണവർ. ആത്മീയ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മറവിൽ ഒരു വിദ്യാഭ്യാസക്കച്ചവടം.

*അടുത്തലക്കം* **വായിക്കുക**
**ജീവകാരുണ്യത്തിന്റെ മറവിലൊരു കച്ചവടം**

## 12 മാദ്ധ്യമവിചാരം

സംഭവിച്ചിട്ടുള്ളു. ഒന്ന്, പെന്തെക്കോസ്ത് അപ്പോളജെറ്റിക്സ് കൗൺസിൽ എന്ന അകാലചരമം പൂകിയ പ്രസ്ഥാനത്തിന്റെ രൂപവത്ക്കരണത്തിന് വഹിച്ച പങ്ക്. രണ്ട്, പെന്തക്കോസ്ത് സാഹിത്യ സമിതിയെന്ന സംഘടനയുടെ സമാനമായ സാഹചര്യം. ഈ രണ്ടനുഭവങ്ങളോടുകൂടി പെന്തെക്കോസ്തു സാംസ്കാരിക പ്രവർത്തകരുടെ മനസ്സിന്റെ ഇടുക്കം, അധികാര മോഹം ഇവ നന്നായി മനസ്സിലാക്കി. ഇന്ന് ഞാൻ സജീവമായി പ്രവർത്തിക്കുന്ന സാംസ്കാരിക പ്രവർത്തനം ക്രൈസ്തവ സാംസ്കാരിക പഠന കേന്ദ്രമാണ്. നമ്മുടെ എത്ര സംഘടനകൾ ചിട്ടയായ സൊസൈറ്റി ആക്ടിനുള്ളിൽ പ്രവർത്തിക്കുന്നു? പി. സി. ഐ. ഒഴിച്ചാൽ രജിസ്ട്രേഷനുള്ള ഒരു സാംസ്കാരിക സംഘടന പഠനകേന്ദ്രമാണെന്നും അറിഞ്ഞിരിക്കണം.

മരുപ്പച്ചയും ഹല്ലേല്ലൂയ്യായും സങ്കീർത്തനവും ഒരു ചേരിയിലും ഇതര പത്രങ്ങൾ മറുചേരിയിലും നിന്ന് സാംസ്കാരിക പ്രവർത്തനം നടത്തത്തക്ക വിധം നമ്മൾ വിഭജിക്കപ്പെടാൻ കാരണം ജേണലാണെങ്കിൽ ജേണൽ പെന്തെക്കോസ്ത് ഐക്യത്തിനുവേണ്ടി സ്വയം മാറി നില്ക്കണം. ഇക്കാരണത്താലാണ് ഈ ലേഖകൻ മുൻകൂട്ടി ഇത്തരം നിലപാടെടുത്തത്. ഒരിക്കലും വിശാലമായ ഐക്യതയ്ക്ക് എന്റെ സാന്നിധ്യം തടസ്സമുണ്ടാകേണ്ട. എന്നാൽ പ്രബന്ധം അവതരിപ്പിക്കാനോ പ്രത്യേക ക്ഷണിതാവായോ ആരു വിളിച്ചാലും പോവുക പറയാനുള്ളത് തുറന്നടിക്കുക ഇതാണ് എന്റെ നയം.

സംഘടനകളിൽ ചേരാതെ മാറി നില്ക്കുന്നത് മറ്റൊരു കാരണത്താലുമാണ്. സംഘടന അതിന്റെ കേഡർ സ്വഭാവം ഉപയോഗിച്ച് എഴുത്തിന് മാർഗ്ഗ രേഖ നിശ്ചയിച്ചാൽ കൂച്ചു വിലങ്ങ് വീഴുന്നത് എന്റെ കൈകൾക്കാവും. എന്തിന് ഇത്തരം വയ്യാവേലികളിൽ കയറണം. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാനുള്ള എന്റെ അത്യാർത്തിയുമായി കുറെനാൾകൂടി ഇങ്ങനെ കഴിയുക അത്ര തന്നെ.

ഗുഡ്ന്യൂസും ക്രൈസ്തവചിന്തയും സ്വർഗ്ഗീയ ധ്വനിയും ജേണലും ജാലകവും യുഗാന്ത്യ സന്ദേശവും അങ്ങനെ ഏതാനും പത്രങ്ങളും ചേർന്ന് ഒരു പ്രസ്സ് അസോസ്സിയേഷന് രൂപം കൊടുത്ത വാർത്ത അറിഞ്ഞമാത്രയിൽ പഴയ പ്രസ്സ് അസോസ്സിയേഷൻ എന്ന എൻഡോസൾഫാൻ കുഞ്ഞിനെ അത്യാഹിതവാർഡിൽ നിന്ന് പുറത്തെടുത്തു. കിട്ടിയപാടെ ഒരു സെമിനാർ തട്ടിക്കൂട്ടി. ഈ തിടുക്കത്തിൽ വിറങ്ങലിച്ചുപോയ സ്വർഗ്ഗീയ ധ്വനി കൂട്ടായ്മ വിട്ട് പുറത്തുചാടി. മറുപക്ഷത്ത് അഭയം തേടിയോ സമദൂരം പാലിച്ച് മൗന വ്രതത്തിലാണോ ഒന്നും അറിഞ്ഞുകൂടാ. ഇവിടെ പ്രസ്സ് അസോസ്സിയേഷൻ സെമിനാറിൽ പ്രസിഡന്റ് പി. ജി. മാത്യൂസ് സൂചിപ്പിച്ച വാക്കുകൾ ഉദ്ധരിച്ച് ലീഡു നൽകിയ ഹല്ലേല്ലൂയ്യായുടെ വാക്കുകൾ ഇവിടെ ആവർത്തിക്കുന്നു. എഴുത്തുകാർ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക - ഇവിടെ പ്രസ്സ് അസോസ്സിയേഷന്റെ ഔദ്യോഗികന്മാർ വിശദീകരിക്കേണ്ട ചില ചോദ്യങ്ങളുയർത്തട്ടെ. എന്താണ് ഈ ധാർമ്മികത? കളങ്കിതരുടെയും ദുരുപദേശകരുടെയും പരസ്യം കൈപ്പറ്റാമോ? പെയ്ഡ് ന്യൂസും, ബ്ലാക്ക് മെയിലിംഗും സപ്ലിമെന്റ് സംസ്കാരവും ഇവിടെ തുടരുന്നുണ്ടെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. അതേക്കുറിച്ചുള്ള നിലപാടെന്ത്? ആയുഷ്കാലം ഒരേ ഭാരവാഹികൾ എന്ന വിരസൻ പരിപാടി അവസാനിപ്പിക്കുമോ? (ആയുഷ്കാലം എന്നതുകൊണ്ട് അടുത്ത ചരമം എന്നേ അർത്ഥമുള്ളു) ഒരു അധികാര സ്ഥാനമില്ലാതെ ഒരു പ്രസ്ഥാനത്തിൽ തുടരാനാവില്ലായെന്ന വാശി ഉയർന്ന മാനസികാവസ്ഥയ്ക്ക് യോജിച്ചതാണോ?

ഏതായാലും നവജാത ശിശുവിന്റെ ഭാവിയും എൻഡോസൾഫാൻ കുഞ്ഞിന്റെ അടുത്ത ഐ. സിയു പ്രവേശനവും ആകാംഷയോടെ നോക്കിക്കൊണ്ട് മാധ്യമവിചാരകൻ ചിന്തയിൽ മുഴുകട്ടെ.

## പെന്തെക്കോസ്ത് മിഷൻ കേരളാ ശുശ്രൂഷക സമ്മേളനം

ചാക്കോ. കെ. തോമസ്, ബാംഗ്ലൂർ

**കൊച്ചി:** കേരളത്തിലെ ദി പെന്തെക്കോസ്ത് മിഷൻ സഭകളുടെ സംസ്ഥാന ശുശ്രൂഷക സമ്മേളനം ജൂൺ 20 മുതൽ 22 വരെ തിരുവനന്തപുരം, പത്തനംതിട്ട, പുനലൂർ സെന്ററിലെ ശുശ്രൂഷകർക്കായ് കൊട്ടാരക്കര സെന്റർ ഫെയ്ത്ത് ഹോമിൽ വെച്ച്, ജൂൺ 22 -24 വരെ കോട്ടയം, റാന്നി കട്ടപ്പന മൂന്നാർ സെന്ററിലെ ശുശ്രൂഷകർക്കായ് തിരുവല്ല സെന്റർ ഫെയ്ത്ത് ഹോമിലും, ജൂൺ 27-29 വരെ. എറണാകുളം, തൃശൂർ, കോഴിക്കോട് സെന്ററിലെ ശുശ്രൂഷകർക്കായ് തൃശൂർ സെന്റർ ഫെയ്ത്ത് ഹോമിൽ വെച്ചും നടക്കും. കൊട്ടാരക്കര, തിരുവല്ല, തൃശൂർ എന്നീ മൂന്ന് സെന്റർ ഫെയ്ത്ത് ഹോമുകളിലായ് നടത്തപ്പെടുന്ന ശുശ്രൂഷക സമ്മേളനത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് സുവിശേഷ വേലക്കാർ പങ്കെടുക്കും, സഭയുടെ പ്രധാന ശുശ്രൂഷകർ പ്രസംഗിക്കും.

## കല്ലുകടി

### മോഷണം പലവിധം

മാധ്യമരംഗത്തും മോഷ്ടാക്കളുണ്ട്. വാർത്തകൾ മുതൽ ലേഖനങ്ങൾ വരെ മോഷ്ടിക്കുന്നവരുണ്ട് നമ്മുടെയിടയിൽ. ഒരു ലേഖനം തന്നെ എല്ലാ പത്രങ്ങൾക്കും അയച്ചു കൊടുക്കുന്ന വിരുതന്മാരുണ്ട്. ഒരേ ലേഖനം ഒന്നിലധികം പത്രങ്ങളിൽ അച്ചടിച്ചുവരുന്നതിൽ രസിയ്ക്കുന്ന വിരുതന്മാർ. കാലം കുറെയാകുമ്പോൾ ഗ്രന്ഥ കർത്താവിന്റെ പേരുമാറ്റി സ്വന്തം പേരിൽ ഇറക്കുന്ന “മാന്യ” ഗ്രന്ഥ കർത്താക്കളുമുണ്ട് ഈ കൂട്ടത്തിൽ. അത്തരം ഒരു മഹാൻ ഈയിടെ ഓൺലൈൻ പത്രത്തിൽ വന്ന ലേഖനം അടിച്ചുമാറ്റി സ്വന്തം പേരിൽ മറ്റൊരു കൊച്ചുപത്രത്തിലടിച്ചു. പക്ഷേ കളവു കൈയോടെ പിടിച്ചതിനാൽ കക്ഷി ആകെ നാറിയതു മിച്ചം. വലിയൊരു യുവജന പ്രസ്ഥാനത്തിന്റെ മുന്നണി പ്രവർത്തകനായ ഇദ്ദേഹത്തിന് പബ്ലിസിറ്റിയോടാണ് വലിയതാൽപ്പര്യം. ഏതെങ്കിലും സെന്ററിൽ യുവജനമീറ്റിംഗിന് കഷിയ്ക്ക് ആശംസപറയാൻ അവസരം കിട്ടിയാൽ എങ്ങനെയും ഫോട്ടോയെടുത്ത് പ്രധാന പ്രസംഗകനെന്ന് പത്രങ്ങളിൽ പടവും വാർത്തയും കൊടുക്കുന്നതും സ്ഥിരം ഹോബിയാണത്രെ. പബ്ലിസിറ്റി കൺവീനർ എന്നു പറയുമ്പോൾ ഇതെല്ലാം അതിന്റെ ഭാഗമായിരിക്കും.

**അടിക്കുറിപ്പ്:** നായ നടുക്കടലിൽ ചെന്നാലും നക്കിയേ കുടിയ്ക്കൂ

## ദി ബഥേൽ തിയോളജിക്കൽ സെമിനാരിയിൽ എക്സ്റ്റൻഷൻ ക്ലാസ്സുകൾ

**മല്ലപ്പള്ളി:** നെടുങ്ങാടപ്പള്ളിയിലുള്ള ദി ബഥേൽ തിയോളജിക്കൽ സെമിനാരിയിൽ M. Div, B. Th, കോഴ്സുകൾക്ക് എക്സ്റ്റൻഷൻ പ്രോഗ്രാം ആരംഭിച്ചു. ജോലിയോടോ പഠനത്തോടോ സുവിശേഷ പ്രവർത്തനത്തോടോ ഒപ്പം ഈ പ്രോഗ്രാമുകൾ പഠിക്കാൻ സാധിക്കത്തക്കവിധത്തിൽ പഠിതാക്കളുടെ സൗകര്യാർത്ഥം കോൺടാക്ട് ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. സെമിനാരിയുടെ വിപുലമായ ലൈബ്രറി സൗകര്യം പ്രയോജനപ്പെടുത്തി അസൈൻമെന്റുകളും തിസീസും തയ്യാറാക്കുന്നതിന് അവസരമുണ്ട്. ഇതിനുവേണ്ടി വിദ്യാർത്ഥികൾക്ക് താമസ ക്രമീകരണങ്ങളും ലഭ്യമാണ്. പുതിയ നിയമം, പഴയ നിയമം, സഭാ ചരിത്രം, മിഷൻ, റിലീജയൻ, ഫിലോസഫി എന്നീ വിഷയങ്ങളിൽ ഉപരിപഠനം നിർവ്വഹിക്കുന്നവർക്ക് അതിനുള്ള സൗകര്യവും ചെയ്തുകൊടുക്കും. ജൂലൈ ആദ്യവാരം ക്ലാസ്സുകൾ ആരംഭിക്കുമെന്ന് പ്രിൻസിപ്പൽ അനിൽ കൊടിത്തോട്ടം അറിയിച്ചു. അഡ്മിഷൻ സംബന്ധമായ വിവരങ്ങൾക്ക്: 91 960 542 5561




## SPEAKERS



- **Rev. Tim Hill** *(First Assistant General Overseer)*
- **Rev. Robert Cook, Jr** *Grandson of Rev. Robert Cook*
- **Rev. T. Wayne Dority** (Texas Administrative Bishop)
- **Rev. M. Kunjappy** (Kerala State Overseer)
- **Rev. P. J. James** (Kerala State Education Director)
- **Rev. P C Cherian** (Church Growth Director)
- **Rev. Ken Anderson** Director Asia/ PacificChurch of God World Missions
- **Rev. Joseph Mathew** (Overseer - India Central West Region)
- **Rev. Michael Mathew** Kingdom Generation Ministries, Founder Washington D. C

## *From* PRESIDENT'S *Desk*

Welcome to Dallas for the 16th NACOG Fellowship



I have great joy in welcoming you all to join us for the 16th North American Church of God (India) Fellowship being held at Dallas-Fort Worth from July 7th to 10th, 2011. On behalf of the executive, national and local committee I extend my sincere invitation to you all for these days of spiritual encouragement and edification. We have tried our best to uphold our motto while preparing and planning for the conference.

The theme of the conference "We will serve the Lord" is taken from **Joshua 24: 15**. We are living in times of great spiritual decline. The greatest problem now for God is truly His redeemed who have failed to live up to their call and election.

So then dear brothers and sisters first of all I entreat your valuable **Prayer** partnership for the blessing of the conference. Secondly, I encourage you all to **Plan** your schedules accordingly. Thirdly, I envision your prayerful **Participation** for this conference. So go ahead Pray, Plan and Participate. In Christ Alone,

**Pastor Satish Kumar**

## ദൈവസഭാ സമ്മേളനത്തിലേക്ക് ഏവർക്കും സ്വാഗതം

**പാസ്റ്റർ സണ്ണി മാത്യു,**
*വൈസ് പ്രസിഡന്റ്*



16-ാമത് സമ്മേലനത്തിന്റെ പ്രാരംഭ ദിവസം മുതൽ ആത്മപകർച്ചയോടെ എല്ലാ സമ്മേളനങ്ങളും നടക്കുവാനും അതിന്റെ പങ്കാളിത്വം വഹിക്കുവാൻ എല്ലാ പ്രിയപ്പെട്ടവരോടും കർത്തൃനാമത്തിൽ ക്ഷണിക്കുന്നു. അനുഗ്രഹിത ദൈവദാസന്മാരുടെ വചനഘോഷണത്തിലൂടെ സംബന്ധിക്കുന്നവർക്കു ആത്മപ്രചോദനവും അനുഗ്രഹവും പ്രാപിപ്പാൻ സംഗതി ആകട്ടെ. വിവിധ സ്റ്റേറ്റുകലിൽ നിന്നും രാജ്യങ്ങളിൽ നിന്നും സമ്മേളത്തിലേക്കു വരുത്തുന്നവർക്കു ഒരു ശുഭയാത്ര നേരുന്നു. ഡാളസ്സിലും പരിസരങ്ങളിലുമുള്ള എല്ലാ ദൈവജനങ്ങളേയും സഭാ വ്യത്യാസം കൂടാതെ തങ്ങൾ സമ്മേളനത്തിലേക്കു സ്വാഗതം ചെയ്യുന്നു.

## A CALL TO SERVE GOD IN OUR GENERATION

**Pr. Mathew Thomas,** Local Coordinator



The 2011 conference will include messages from great servants of God, and I am anticipating a great resurgence of the power of God. I believe that many will be touched and transformed and make new commitments to serve God. God is calling the church to rediscover the Biblical model of holistic ministry. To make this conference a great success, we need participation by one and all. I hope you will join us in Dallas at the 2011 NACOG conference. We eagerly anticipate seeing God pour out His Spirit upon His Church, and seeing the church going out to reach the world. God's people can and will transform the world by serving Him.

## LOCAL CO-ORDINATORS



Pr. Mathew Thomas, Local Coordinator · Shaji Samuel, Secretary · Sam Cherian, Treasurer · Asish Alexander, Youth · Pr. Alex T Philip, Prayer · P.M. Mathew, Music · Viju Thomas, Registration · Finoy Johnson, Media · Benjamin Varghese, Transportation

Shine Iype, Sound & Light · Varghese Varghese, Ushers · John Thomas, Music (Eng.) · Joshua Joseph, Food & Accomodation · Daji George, Security · Betty George, Childrens Ministry · Elizabeth George, Childrens Ministry · Anitha Satish, Ladies Coordinator · Gracy mathew, Ladies Secretary

## We will serve the Lord in Dallas- 16 NACOG



As we draw closer to the 16th NACOG conference to be held in Dallas, our excitement and enthusiasm to host the conference in Dallas is also increasing. We have made all humanly possible arrangements for a blessed time of fellowship and spiritual renewal. Leaving the rest in God's hands we covet your continued prayers and support.

If you have not registered, please do so ASAP (before May 31 for the pre-registration discounts). Visit our website at www.nacog.net for more details. The COG churches from the Dallas area are eager and ready to assist you with an excellent local committee sharing the responsibilities. All you have to do is ask us for help. If the Lord tarries, we shall meet in Dallas from July 7-10, 2011.

**Prof. Sushil Mathew**
*National Secretary*

## സമ്മേളനത്തിന് പ്രാർത്ഥന അനിവാര്യം

**എബ്രഹാം തോമസ്,** നാഷണൽ ട്രഷറാർ



പതിനാറാമതു സമ്മേളനത്തിന് അനുഗ്രഹിക്കപ്പെട്ട കർത്തൃദാസന്മാർ ദൈവവചനഘോഷണം നടത്തുന്നുണ്ട്. ഇതിന്റെ സംഘാടകർക്കു ഭാരിച്ച ഉത്തരവാദിത്വം ഉള്ളതുപോലെ ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളും ഇതിന്റെ പിന്നിൽ ഉള്ളതിനാൽ ദൈവസഭാവിശ്വാസികളും പാസ്റ്റന്മാരും സമ്മേളനത്തിന് വേണ്ടിയുള്ള ഒത്താശകൾ നൽകുന്നതോടൊപ്പം സമ്മേളനത്തിന് വരുന്നതിന് മുമ്പ് രജിസ്ട്രേഷൻ പൂർത്തീകരിച്ച് നിങ്ങളുടെ മുറികൾ ഉറപ്പുവരുത്തുക. അതുപോലെ സഭകളിൽ നിന്നുള്ള സംഭാവനകൾ എത്രയും വേഗം അയച്ചു തന്നു നിങ്ങളുടെ സഹകരണം കാണിക്കുക. നാളിതുവരെ കണ്ടിട്ടില്ലാത്ത ഒരു ആത്മീക അനുഭൂതി പ്രാപിച്ച് സമ്മേളനം കഴിഞ്ഞ് മടങ്ങിപോകുവാൻ സർവ്വശക്തൻ ഏവർക്കും കൃപ ചെയ്യട്ടെ. ഏവർക്കും 16-ാമത് സമ്മേളനത്തിലേക്ക് എന്റെ സ്വാഗതം.

## NATIONAL REPRESENTATIVES



Rev. Eldho Mappalail, Canada · Rev. Wilson Mathew, Carolinas · Rev. Babu M. John, Florida · Bro. Shaji Vennikulam, Georgia · Rev. Samkutty Mathai, Illinois · Bro. P. M. George, Michigan · Rev. Rajan Samuel, New Jersey · Bro. Sunny Oonnoonny, New York · Rev. George Samkutty, Oklahoma

Rev. Baby Daniel, Pennsylvania · Rev. Fijoy Johnson, Tennessee · Rev. Santosh Podimala, Texas (Dallas) · Bro. George Thomas, Texas (Houston) · Rev. K. J. Mathew (Church Growth Coordinator) · Bro. Shaji Samuel, Auditor

## *Welcome to the Spiritual feast*

Women have always played crucial roles in building up of the Kingdom of God. Since the creation of the world we see that God has called faithful women for His special purposes fulfilling His divine intentions. The first women formed from Adam by the hands of God was created for the purpose of being a companion and a support to man. Ever since, women of the Bible have built families, given birth to Kings, fought and killed enemies for God, erased perilous codes and saved God's people, raised prophets and above all, became the channel for God to bring forth the Savior to this world. The good news of the resurrection of Christ was disclosed to His disciples by a women, Paul laid the foundation for the first Church in Asia Minor because a women opened her house and heart for God.

On behalf of the women's ministry of NACOG I would like to welcome you, to come and experience the joy in Christ and the power of prayer along with the sisters of COG on July 7-10 at The Westin Hotel, DFW.

In Him

**Sis. Julie Thomas**
*National Ladies Secretary.*

## ഒരുക്കങ്ങൾ പൂർത്തിയായി

**പാസ്റ്റർ സണ്ണി താഴംപള്ളം,** മീഡിയാ കോർഡിനേറ്റർ



16-ാമത് ദൈവസഭാ ദേശീയസമ്മേളനത്തിലേക്കു ഏവരും സ്വാഗതം ചെയ്യുന്നു. മനോഹരവും വിശാലവുമായ ഹോട്ടൽ മുറികളും, സമ്മേളനത്തിന് വേണ്ടിയുള്ള ഓഡിറ്റോറിയവും ഏവർക്കും തൃപ്തികരമായിരിക്കും എന്നതിന് രണ്ട് പക്ഷം ഇല്ല. നോർത്തു അമേരിക്കയിലും കാനഡായിലും ചിതറിപാർക്കുന്ന ദൈവജനങ്ങൾക്ക് ഒന്നിച്ചു കൂടുവാനും ആത്മീക അനുഗ്രഹങ്ങൾ പ്രാപിപ്പാനും ഒരുക്കിയിരിക്കുന്ന ഈ പതിനാറാമതു സമ്മേളനത്തിലേക്കു ഏവർക്കും സ്വാഗതം നേരുന്നു. നാളിതുവരെ കണ്ടിട്ടില്ലാത്ത ആത്മീക അനുഭൂതികൾ പ്രാപിച്ചു ദൈവത്തിന് മഹത്വം കൊടുക്കുവാൻ ഏവർക്കും ദൈവം കൃപ ചെയ്യട്ടെ. നിങ്ങളുടെ താമസ്സ സൗകര്യവും ഭക്ഷണവും ഇതിനോടകം റജിസ്റ്റർ ചെയ്തു കാണും എന്നു കരുതുന്നു. അവസാന നിമിഷത്തെ തിരക്കുകൾ ഒഴിവാക്കുവാൻ നിങ്ങളുടെ യാത്രയ്ക്കു മുമ്പ് ക്രമീകരണങ്ങൾ ചെയ്യുവാൻ ഏവരും ഉത്സാഹിക്കുമല്ലോ.

## Youth Corner

**Tomy Philip Abraham**
*National Youth Coordinator*



The time has come for the final stage of preparations for our family conference, let me update you on all the great things to come this year in Dallas, Texas during July 7-10th. As mentioned in the previous edition of NACOG Voice, the theme for our conference has been selected from Joshua 24:15, "We will serve the Lord." Along with the theme, we have incorporated the inspiration of "keeping it simple and spiritual". Our goal and primary focus is to honor God through whatever programs and events we have planned.

We welcome you to join in an experience to listen to the wonderful messages and testimonies of our brothers in Christ who have an aim to touch the lives of our youth with their life altering experiences.

I would like to welcome you on behalf of the Executive, National, and Local Committees to Dallas, Texas during July 7-10, 2011. We request your prayers and support for this conference. Welcome to the 16th NACOG conference!

## ലേഡീസ് ഫെലോഷിപ്പിലേക്കു സഹോദരിമാർക്കു സ്വാഗതം

**ലില്ലിക്കുട്ടി ജോൺസൺ, ഡാളസ്**
*(ലേഡീസ് മിനിസ്ട്രി പ്രസിഡന്റ്)*

ദൈവഹിതമായാൽ ദൈവസഭയുടെ അടുത്ത കോൺഫ്രൻസ് 2011 ൽ ഡാളസിൽ വച്ചു നടക്കുകയാണല്ലോ. ആത്മീയ അനുഗ്രഹങ്ങളുടെ ഒരു വലിയ കലവറതന്നെ നമുക്കു പ്രതീക്ഷിച്ചുകൊണ്ട് പ്രർത്ഥിക്കുകയും പ്രവൃത്തിക്കുകയും ചെയ്യാം. കോൺഫ്രൻസ്സ് സമയത്തു നടക്കുന്ന സഹോദരിമാരുടെ സമ്മേളനം ഏറ്റവും അനുഗ്രഹീതമായി നടക്കേണ്ടുന്നതിനു ഏവരുടെയും പ്രാർത്ഥനയും സഹകരവും പ്രതീക്ഷിക്കുന്നു. വ്യർത്ഥമല്ലാത്ത കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരാം.

ഏവരേയും ഈ കോൺഫ്രൻസിലേക്കു കർതൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

## LADIES MINISTRY



Lillikutty Johnson, President · Mariamma Andrews, Vice President · Julie Thomas, Secretary · Solly Rajan, Treasurer · Susan Sunny, NER Rep. · Laly Samkutty, SWR Rep.

# മൂന്നു തലമുറയെ രൂപപ്പെടുത്തിയ യുവജന പ്രസ്ഥാനത്തെ ആത്മീയമായി തന്നെ നയിക്കും: പാസ്റ്റർ വി.പി. ഫിലിപ്പ്

*പി. വൈ. പി. എയുടെ എല്ലാ പ്രവർത്തകർക്കും അഭ്യുദയകാംഷികൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം.*



പാസ്റ്റർ വി. പി. ഫിലിപ്പ്
പി. വൈ. പി.എ.
സംസ്ഥാന പ്രസിഡന്റ്

സ്വാതന്ത്ര്യ സമരത്തിന്റെ തീജ്വാല ഭാരതത്തിൽ കത്തിപടർന്ന് വിജയം കൈവരിച്ച 1947 -ൽ **'സേവനത്തിനായി രക്ഷിക്കപ്പെട്ടു'** എന്ന ആപ്തവാക്യത്തോടെ സ്ഥാപിക്കപ്പെട്ട പി. വൈ. പി.എ. ആറരപതിറ്റാണ്ട് പിന്നിടുകയാണ്. പെന്തെക്കോസ്ത് അനുഭവത്തിന്റെ ആത്മ പ്രേരണയിൽ ഒരു പറ്റം യുവാക്കാൾ ഈ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും പിന്നീട് നിസ്വാർത്ഥ സേവനത്തിലൂടെ പതിനായിരക്കണക്കിന് ചെറുപ്പക്കാർ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്തു. യുവജനങ്ങളുടെ ആത്മീയ ഉന്നമനത്തിനും സഭയുടെ ശക്തീകരണത്തിനും സുവിശേഷീകരണത്തിനും ശ്രദ്ധേയമായ പങ്ക് പി. വൈ. പി. എ. വഹിച്ചു.

ദൈവകൃപയാൽ 2009 മെയ് 6 ന് കുമ്പനാട് നടന്ന പി. വൈ. പി. യുടെ തിരഞ്ഞെടുപ്പിൽ അനുഗ്രഹിതതരായ ഒരു ടീം നേതൃത്വത്തിൽ വരുവാൻ പി. വൈ. പി. എ പ്രവർത്തകർ ആഗ്രഹിക്കുകയും പ്രസിഡന്റായി ഞാൻ എതിരില്ലാതെയും ഏഴ് പേർ തെരഞ്ഞെടുപ്പിൽ ജയിച്ചും നേതൃത്വ സ്ഥാനത്ത് വരികയും ചെയ്തു. ദൈവജനത്തിന്റെ പ്രാർത്ഥനയും യുവജനങ്ങളുടെ ആത്മാർത്ഥമായ പിൻതുണയും ഇതിനു കാരണമായി. എന്നാൽ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മാത്യു ജോൺ അടുത്തിടെ ഒരു പത്രത്തിൽ താൻ കള്ളവോട്ട് ചെയ്യിപ്പിച്ചാണ് അധികാരത്തിൽ വന്നതെന്ന് സ്വയം വെളിപ്പെടുത്തുകയുണ്ടായി.ഒരു പദവിയിൽ എത്തുവാൻ അനാത്മീകമായ മാർഗ്ഗം ഉപയോഗിച്ചതിനെ കഴിഞ്ഞ മെയ് 31 ന് കൂടിയ സംസ്ഥാന കമ്മറ്റി ശക്തമായി അപലപിക്കുകയും തുടർന്ന് അദ്ദേഹം സ്വയം കുറ്റം സമ്മതിച്ച് രാജിവെച്ച് പുറത്തുപോവുകയും ചെയ്തു. കേരളത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നു വന്നിട്ടുള്ള സംസ്ഥാനകമ്മറ്റി അംഗങ്ങളും എക്സിക്യൂട്ടീവ് അംഗങ്ങളും തങ്ങൾ തെറ്റായ വഴിയിലൂടെ വോട്ട് നേടുകയോ ചെയ്യിപ്പിക്കുകയോ ചെയ്തിട്ടില്ലായെന്ന് കമ്മറ്റിയെ ബോധ്യപ്പെടുത്തി.

എന്നാൽ ഈ സംഭവത്തിന്റെ മറവിൽ പി. വൈ. പി. എയും അതിന്റെ പ്രവർത്തകരെയും തകർക്കുവാൻ ചിലർ ശ്രമിക്കുന്നതായി സംസ്ഥാന കമ്മറ്റിക്ക് ബോധ്യപ്പെട്ടു. അത്തരം ശ്രമത്തെ നിരുത്സാഹപ്പെടുത്തുവാനും ശക്തമേറിയ പ്രവർത്തനവുമായി മുന്നോട് പോകുവാനും സംസ്ഥാന കമ്മറ്റി തീരുമാനമെടുത്തു.

ജൂൺ 28 ന് ആരംഭിക്കുന്ന സംസ്ഥാന പ്രാർത്ഥനാ സമ്മേളനം, മെഡിക്കൽ ക്യാമ്പ്, പ്രീമാരിറ്റൽ കൗൺസലിംഗ്, സംസ്ഥാന ലീഡർഷിപ്പ് ക്യാമ്പ്, സംസ്ഥാന കൺവൻഷൻ, പ്രകൃതി സൗഹാർദ്ദ സമ്മേളനങ്ങൾ, വിദ്യഭ്യാസ - വിവാഹ സഹായങ്ങൾ, സഭാഹാൾ പാഴ്സനേജ് നിർമ്മാണം തുടങ്ങിയ അതിശക്തമായ പ്രവർത്തനങ്ങളുമായി ഞങ്ങൾ മുമ്പോട്ട് പോകുമ്പോൾ എല്ലാ ദൈവദാസന്മാരുടെയും സഭാജനങ്ങളുടെയും പി. വൈ. പി.എ. അംഗങ്ങളുടെയും നിസ്വാർത്ഥ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

മൂന്ന് തലമുറയെ രൂപപ്പെടുത്തിയ പെന്തെക്കോസ്ത് യുവജന സംഘടനയെ തികച്ചും ആത്മീകമായി തന്നെ നയിക്കുവാൻ നിയോഗം നല്കിയ ദൈവകൃപയിൽ ശരണപ്പെടുന്നു.

ദൈവജനങ്ങൾക്ക് അനുയോജ്യമല്ലാത്ത പത്രപ്രസ്താവനകൾ നടത്തി ജന ശ്രദ്ധ ആകർഷിച്ചു അടുത്ത ഇലക്ഷനിൽ മത്സരിക്കുവാൻ ശ്രമിക്കുന്നവരെ പി. വൈ. പി.എ. അംഗങ്ങൾ തിരിച്ചറിയണമെ. അടുത്ത ഇലക്ഷൻ കൂടുതൽ സുതാര്യമായി നടത്തുന്നതിന്റെ ഭാഗമായി വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഉപയോഗിച്ചു നടത്തുമെന്ന് സംസ്ഥാന പി. വൈ. പി. എ. എക്സിക്യൂട്ടിവ് അംഗങ്ങൾക്കുവേണ്ടി ഞാൻ ഉറപ്പു തരുന്നു.

## നാം ഒന്നായി മുമ്പോട്ട്



പാസ്റ്റർ സാംകുട്ടി ജോൺ (വൈസ് പ്രസിഡന്റ്)

കാലഘട്ടത്തിന്റെ ആവശ്യകത മനസ്സിലാക്കി ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവർത്തകർ പ്രതിബന്ധങ്ങളെ അതിജീവിച്ച് സ്ഥാപിക്കകയും വളർത്തിയെടുക്കയും ചെയ്ത പ്രസ്ഥാനമാണ് പി. വൈ. പി.എ,. ചെറുപ്രായം മുതൽ ഈ നിയോഗത്തെ മുൻ കണ്ട് പ്രവർത്തിക്കുവാൻ അവസരം ലഭിച്ചതിൽ അഭിമാനമുണ്ട്. ഫലമുള്ള വൃക്ഷത്തിനെ കല്ലെറിയു എന്ന അർത്ഥവത്തായ വാക്യം ഈ സംഘടനയുടെ ആവിർഭാവം മുതൽ ഇന്നുവരെ നിർഗളിക്കുന്ന സത്യമാണ്. എക്കാലവും ദൈവീക പദ്ധതികളുടെ പൂർത്തീകരണങ്ങൾക്കെതിരെ വെല്ലുവിളികൾ ഉണ്ട്. എന്നാൽ ഒരു വെല്ലുവിളികളും ദൈവീക പദ്ധതികളെ തകർത്തിട്ടാല്ലായെന്നത് യാഥാർത്ഥ്യമാണ്. ആയിരക്കണക്കിന് യുവാക്കൾക്ക് രക്ഷയെന്ന ക്രിസ്തുവിന്റെ ദാനത്തെ നല്കുവാനും അവരിലൂടെ സമൂഹത്തിന് ആവശ്യമായ സേവനങ്ങളെ കാഴ്ചവെച്ച് ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി പ്രവർത്തിക്കുവാനും മുഖാന്തിരമാകുന്ന ഈ പ്രസ്ഥാനത്തെ ഒരു ശക്തിക്കും തകർക്കാൻ കഴിയുകയില്ലായെന്നത് ഇതുവരെയുള്ള അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ ലക്ഷ്യം വലുതാണ്. അതിനായി നമുക്കൊന്നായി മുന്നേറാം. ദൈവം സഹായിക്കട്ടെ!

## പുത്തൻ ദർശനത്തോടെ മുന്നേറാം



അജി കല്ലുങ്കൽ (സംസ്ഥാന വൈസ്. പ്രസിഡന്റ്)

**65-** വർഷത്തെ ചരിത്രത്തിനിടയിൽ പെന്തക്കോസ്തു യുജവജന സംഘടന കർമ്മനിരതരായി പ്രാദേശിക ഡിസ്ട്രിക്ട് മേഖല, സംസ്ഥാന തലങ്ങളിൽ ശക്തിപ്പെട്ട ഒരു കാലഘട്ടമാണിത്. ശ്രദ്ധേയമായ രണ്ടു ക്യാമ്പുകൾ മലബാറിലെ കോഴിക്കോടും, ഹൈറേഞ്ചിലെ തേക്കടിയിലും നടത്തിയത് യുവജനങ്ങൾക്കിടയിൽ ആവേശമായി. വലിയ ആത്മീയ ചലനങ്ങൾ ഈ ക്യാമ്പുകൾ സൃഷ്ടിച്ചു. പി. വൈ. പി.എ. പ്രവർത്തനങ്ങൾ ശക്തമായപ്പോഴാണ് അതിനെതിരെ പിശാച് അയുധമെടുക്കുന്നത്. അതിനെ തരണം ചെയ്ത് മുന്നേറുവാൻ നമുക്ക് ആവശ്യം പുത്തൻ ദർശനമാണ്. പി. വൈ. പി. എ. ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ലക്ഷ്യബോധമില്ലാതെ അലയുന്ന യുവജനങ്ങളെ ദൈവോന്മുഖമായി തിരിക്കുവാൻ ഈ യുവജന സംഘടനയുടെ പ്രവർത്തനങ്ങളിലൂടെ ഇടയാകുന്നതിൽ സർവ്വ ശക്തനായ ദൈവത്തിന് നന്ദി കരേറ്റുന്നു. ജനകോടികൾ തിങ്ങിപ്പാർക്കുന്ന ഭാരത മണ്ണിൽ പുത്തൻ ദർശനത്തോടെ മുന്നേറാം.

പി. വൈ. പി. എ. ഇയർ പ്ലാനർ പേജ് 10 കാണുക

## ഐക്യമായി മുന്നേറാം



പാസ്റ്റർ സാം പനച്ചയിൽ (പി. വൈ.പി. എ. സെക്രട്ടറി)

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ യുവജന വിഭാഗമായ പി. വൈ. പി. എ. പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന നിരവധി പേർ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ കർത്തൃവേലയിലും, ഭൗതിക ജോലിയോടുള്ള ബന്ധത്തിലും ശോഭിച്ചുകൊണ്ടിരിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങളുടെ മുൻ ഗാമികളോടും ഇപ്പോഴുള്ള പ്രവർത്തകരോടും, പ്രസ്ഥാനത്തോടും അകമഴിഞ്ഞ കടപ്പാടുള്ളതുകൊണ്ടാണ് ഈ ചെറിയകുറിപ്പ് എഴുതാൻ പ്രേരിതമായത്.

1947 -ൽ ഉടലെടുത്ത പി. വൈ. പി.എയുടെ പരമപ്രധാനമായ ലക്ഷ്യം സുവിശേഷീകരണം എന്നതാണ്. യുവജനങ്ങളെ ദൈവീക ദർശനമുള്ളവരായും സമൂഹത്തിനും സഭയ്ക്കും കുടുംബത്തിനും പ്രയോജനമുള്ളവരായും തീർക്കുക എന്നതാണ് പി. വൈ. പി. എയുടെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. ദൈവരാജ്യത്തിന്റെ കെട്ടുപണിയ്ക്കായി അദ്ധ്വാനിക്കുവാൻ അനേകരെ ഒരുക്കുവാൻ പി. വൈ. എയ്ക്ക് കഴിഞ്ഞു. ഈ റ്റേമിലും ഇതേ ലക്ഷ്യത്തോടെ പ്രവർത്തന പദ്ധതികൾ ആവീഷ്കരിച്ച് മുന്നേറുന്ന പി. വൈ. പി. എ. പ്രവർത്തനങ്ങളിൽ നമുക്കൊരുമിച്ച് കരങ്ങൾ പിടിച്ച് മുന്നേറാം.

## പി. വൈ. പി. എ. വളർച്ചയുടെ പാതയിൽ



സുവി. സാബു ചാപ്രത്ത്
(ആക്ടിംങ്ങ് സെക്രട്ടറി)

**1947** ആഗസ്റ്റ് 30 ന് ഒരു കൂട്ടം ചെറുപ്പക്കാർ ദീർഘവീക്ഷണത്തോടും ദർശനത്തോടും പ്രാർത്ഥനയോടും ആരംഭിച്ച Pentecostal Young People's Association (PYPA) എന്ന പ്രസ്ഥാനം വളർന്നു പന്തലിച്ച വലിയ വൃക്ഷമായി മാറി. കഴിഞ്ഞനാളുകളിൽ അനവധി പ്രതിസന്ധികളെയും പ്രതികൂലങ്ങളെയും തരണം ചെയ്യുവാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു.

ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭയുടെ ചോർന്നോലിക്കുന്ന പാഴ്സനേജിൽ കഷ്ടപ്പാടുകളുടെയും ദുരിതങ്ങളുടെയും മദ്ധ്യേ വളർന്നു വന്ന എനിക്ക് 16-ാം വയസ്സിൽ ലോക്കൽ യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തനം ആരംഭിച്ച് സെന്റർ, മേഖല തലങ്ങളിലും, ദീർഘവർഷങ്ങൾ സംസ്ഥാന കമ്മറ്റി അംഗമായും ഇപ്പോൾ സംസ്ഥാന ജോ. സെക്രട്ടറിയായി പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകി. ദൈവം എനിക്കു തന്ന താലന്തുകളും കഴിവുകളും ദൈവനാമ മഹത്വത്തിനു വേണ്ടിയും യുവജന പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടിയും പ്രവർത്തിക്കുവാൻ കഴിയുന്നു.

പി. വൈ. പി. എ. പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളുടെയും, നേതൃത്വത്തിന്റെയും വളർച്ചയ്ക്കെതിരെ ഉയർന്നു വരുന്ന ആയുധങ്ങൾ സാത്താന്യമാണെന്ന് തിരിച്ചറിഞ്ഞ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ മുന്നേറുവാൻ നമുക്ക് കഴിയട്ടെ.

## ഇത്രത്തോളം സഹായിച്ച ദൈവത്തിന് നന്ദി



ഫിന്നി വർഗ്ഗീസ് (സ്റ്റേറ്റ് ട്രഷറാർ)

കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാന പി.വൈ. പി. എയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുവാൻ ദൈവം സഹായിച്ചു. വിവിധ പദ്ധതികൾക്കായി വലിയ തുക ചിലവഴിയ്ക്കുവാൻ ദൈവം ഇടയാക്കി. പി. വൈ.പി. എയുടെ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയും കൈതാങ്ങൽ തരികുകയും ചെയ്ത എല്ലാവർക്കും നന്ദി. പി. വൈ. പി.എ.യ്ക്കു വേണ്ടി ലഭിച്ച ഓരോ രൂപയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കായി ചിലവഴിയ്ക്കുവാനും കണക്കുകൾ വ്യക്തമായി അവതരിപ്പിക്കുവാനും കഴിഞ്ഞതിൽ അഭിമാനിക്കുന്നു. ഇത്രത്തോളം സഹായിച്ച ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

## പി. വൈ. പി.എ. പ്രവർത്തനങ്ങൾ ജനകീയമായി



പാസ്റ്റർ ബിനു ജേക്കബ് (പബ്ലിസിറ്റി കൺവീനർ)

കേരളാ സ്റ്റേറ്റ് പി. വൈ. പി എയുടെ പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. യുവജനങ്ങളെ ഉണർത്തിയ രണ്ട് ക്യാമ്പുകൾ വിദ്യാഭ്യാസ - ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സാധാരണക്കാരായ യുവജനങ്ങളിൽ പ്രവർത്തനം എത്തിക്കുവാൻ കഴിഞ്ഞു. രണ്ടു സ്ഥലങ്ങളിൽ സഭാഹാളുകൾ നിർമ്മിക്കുവാനും ഒരിടത്ത് പാഴ്സനേജ് പണി പൂർത്തീകരിക്കുവാനും ദൈവം സഹായിച്ചു. ഈ വർഷം കൂടുതൽ പ്രവർത്തനങ്ങൾ സ്റ്റേറ്റ് പി. വൈ. പി. എ. പദ്ധതി ആവീഷ്കരിച്ചിരിക്കുന്നു. അവയെ തടയുവാനാണ് ചിലരുടെ ശ്രമം. എന്നാൽ ദൈവമക്കളുടെയും യുവജനങ്ങളുടെ ആത്മാർത്ഥമായ പിൻതുണ അഭ്യർത്ഥിക്കുന്നു.

## ഡോ.കോര സംസാരിക്കുന്നു



1. അമേരിയ്ക്കയിലെ കറുത്തവർഗ്ഗക്കാർ തുള്ളിക്കൊണ്ടാണ് നടക്കുന്നതും ഡ്രൈവു ചെയ്യുന്നതും. അതിന്റെ കാരണം അറിയാമോ? – **ജയിംസ്, ന്യൂയോർക്ക്**

*അമേരിക്കയിലെ ഗവൺമെന്റ് ആശുപത്രിയിൽ 'തുള്ളിമരുന്ന്' ഉണ്ടാക്കുന്നവരാണവർ.*

2. കഴിഞ് ചില വർഷങ്ങളായി ഞങ്ങളുടെ റീജിയണിലെ ഒരു പാസ്റ്റർക്ക് നേതൃനിരയിലെത്താൻ സാധിയ്ക്കുന്നില്ല. ആള് അത്ര ശരിയല്ലെങ്കിലും എങ്ങനെ അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചു കൊടുക്കാം – **പോൾ, ഫ്ളോറിഡ**

*'ഉജാല' പോലെ മിന്നുന്ന ഒരു വിശുദ്ധപാര 'കമ്പൽസറി'യായിട്ടും സെക്രട്ടറിയ്ക്കു വയ്ക്കാൻ പറയുക. ഇതിനോടകം പാര വെച്ചിട്ടുണ്ടെങ്കിൽ അതു കാര്യം സാധിയ്ക്കാതെ മടങ്ങിവരുകയില്ല.*

3. ജ്യോതിമാർഗ്ഗത്തിനു പുതിയ ഡയറക്ടർ – **വാർത്ത**

*'അക്ഷരവൈരിയെ' പുറത്താക്കി മാതൃക കാണിച്ച ജ്യോതിമാർഗ്ഗത്തിനു നന്ദി. ഇനിയും സീയോൻ മലയ്ക്കും ഈ ധൈര്യം വരണം.*

4. തൊടുപുഴയിലെ ചിൽഡ്രൻസ് ഹോം ആറന്മുളയിലേക്കു മാറ്റി – **വാർത്ത**

*ആറന്മുളയിലായതുകൊണ്ട് നേതാക്കന്മാരുടെ അഭിപ്രായങ്ങൾക്ക് "ആരും മൂളും"*

5. മാദ്ധ്യമത്തിലെ "ഹഗ്ഗ് പാസ്റ്റർ" വാർത്ത താങ്കൾ വായിച്ചിട്ടെന്തു പറയുന്നു – **ടോമി, ഫ്ളോറിഡ**

*വാർത്ത മാദ്ധ്യമത്തിനു കൊടുത്തയാൾ അതിലും 'വേന്ദ്രനായിരിയ്ക്കമല്ലോ..."*

6. ഡാളസ്സ് കോൺഫറൻസിന്റെ ട്രഷറാർ മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുമോ? – **ജോൺ ഡാളസ്സ്**

*അദ്ദേഹത്തിന്റെ ആഗ്രഹമല്ലേ... ലേഡീസ് മിനിസ്ട്രിയുടെ സെക്രട്ടറിയായിട്ടെങ്കിലും വാഴിച്ചുവിട്.*

7. എന്റെ ഒരു സ്നേഹിതൻ അടുത്തയാഴ്ച തനിയെ നാട്ടിൽ പോവുകയാണ്. പ്രാർത്ഥിച്ചുവിടാൻ എന്നെ ക്ഷണിച്ചിട്ടുണ്ട്. എന്തെങ്കിലും ഉപദേശം തരാനുണ്ടോ? – **ഇവാ. കോശി, കുവൈറ്റ്**

*'എൻ സ്വദേശം, കാൺമതിനായ് ഞാൻ തനിയെ പോകുന്നു' എന്ന് ആദ്യം പാടിയിട്ട് പ്രാർത്ഥിയ്ക്കുക.*

## അമേരിക്കൻ വിശേഷം



## മെയ് മാസത്തിൽ വന്നില്ല ഇനി ഒക്ടോബറിൽ വന്നേക്കാം



**രാജൻ ആര്യപ്പള്ളിൽ**

മെയ് മാസത്തിൽ കർത്താവുവരുമെന്ന് പ്രവചിച്ച വിദ്വാന്റെ വാക്കുകേട്ട് സകലതും നഷ്ടപ്പെടുത്തിയവർ അനവധി. ഇനി കർത്താവിനെ ഒക്ടോബറിൽ പ്രതിക്ഷീക്കാം എന്ന പ്രവചനം വിശ്വസിക്കാനും ആളുകൾ എത്തും. വിവിധ കാലങ്ങളിൽ ഇത്തരം കള്ളപ്രവചനങ്ങളുമായി എത്തിയവർ ധാരാളം. എന്നാൽ അവർ പറഞ്ഞതെല്ലാം വ്യർത്ഥമായി. കർത്താവിന്റെ മടങ്ങിവരവ് എപ്പോൾ സംഭവിക്കുമെന്നാർക്കും അറിഞ്ഞുകൂടാ. എന്നാൽ വരവിന്റെ ലക്ഷണമായി കർത്താവ് പറഞ്ഞത് നാം ഇപ്പോൾ കാണുകയാണ്. ലോക സംഭവങ്ങൾ, പ്രകൃതിയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ എല്ലാം അവന്റെ വരവടുത്തു എന്നു വിളിച്ചു പറയുന്നു. പ്രകൃതിപോലും ഒരുങ്ങിയിട്ടും മടങ്ങിവരവിന്റെ പ്രതീക്ഷ നമ്മുടെ സമൂഹത്തിനു നഷ്ടപ്പെട്ടുവോ എന്നു ഞാൻ സംശയിക്കുന്നു. കാരണം അധർമ്മവും അനിതീയും അഴിമതിയും ദ്രവ്യാഗ്രഹവും നമ്മുടെയിടയിൽ വർദ്ധിച്ചിരിക്കുന്നു. കൊല്ലുവാൻ മടിയില്ലാത്തവർ, വിവാഹമോചിതർ, മദ്യപാനികൾ, തട്ടിപ്പുകാർ ഇങ്ങനെ അവരുടെ നിര വർദ്ധിയ്ക്കുമ്പോൾ നെടുവീർപ്പിടുവാൻ മാത്രമേ സാധിക്കുന്നുള്ളൂ. പള്ളിപ്പാടു സംഭവം ഇവിടുത്തെ സമൂഹം ഞെട്ടലോടെയാണ് കേട്ടത്. നമ്മുടെ സമൂഹത്തിനെന്തുപറ്റി നാം ഉറക്കെ ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# ന്യൂയോർക്ക് വി. ബി. എസ്സ് ജൂലൈ 18 – 20 വരെ

**ഉമ്മൻ എബനേസർ , തുമ്പമൺ (പബ്ലിസിറ്റി കോർഡിനേറ്റർ)**

**ന്യൂയോർക്ക്:** പി. വൈ. പി. എ. ഈസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ജൂലൈ 18 തിങ്കൾ മുതൽ 20 ബുധനാഴ്ച വരെ വി. ബി. എസ് നടക്കുമെന്ന് ഭാരവാഹികൾ അറിയിക്കുന്നു. ഹീക്സ് വിൽ ഇൻഡ്യാ പെന്തെക്കോസ്തു അസംബ്ലി ആഡിറ്റോറിയത്തിലാണ് വി. ബി. എസ്സ് നടക്കുന്നത്. ന്യൂയോർക്ക്, ന്യൂജേഴ്സി, കണറ്റിക്കട്ട്, എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനങ്ങൾക്കും കുട്ടികൾക്കും മികച്ച വേദ്യ അഭ്യസനവും സംഗീത പരിശീലനവും നല്കുക എന്നതാണ് സംഘാടകരുടെ ലക്ഷ്യം. ഈ സുവർണ്ണ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഭാരവാഹികൾ താല്പര്യപ്പെടുന്നു. ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങളുടെ സഹായത്തോടെയാണ് ഈ വർഷത്തെ വി. ബി. എസ്സ് ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളെ കൂടാതെ മുതിർന്നവർക്കും ഇത് വളരെ പ്രയോജപ്പെടും.

ജൂലൈ 18 –ന് തിങ്കൾ രാവിലെ 9 മണിക്ക് ആരംഭിക്കുന്ന വി. ബി. എസ്സ് ഐ. പി. സി. ഈസ്റ്റേൺ റീജിയൻ പ്രസിഡന്റ് പാസ്റ്റർ റ്റി. സി. മാത്യു ഉദ്ഘാടനം ചെയ്യും. ബുധനാഴ്ച വൈകിട്ട് വി. ബി. എസ്സ് സമാപിക്കുന്നതാണ്. ദിവസവും രാവിലെ 9– വൈകിട്ട് 4 വരെയാണ് ക്ലാസ്സുകൾ നടക്കുന്നത്. പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും സംഘാടകർ ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുന്ന എല്ലാകുട്ടികൾക്കും റ്റീ –ഷർട്ട് സൗജന്യമായി ലഭിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്.(www.pypa.org)

ക്രിസ്തീയ ശുശ്രൂഷയിൽ പരിശീലനവും നൈപുണ്യവും നേടിയ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നതാണ്. പപ്പറ്റ് ഷോ, ബൈബിൾ ഷോ. സ്കിറ്റ് ഗെയിംസ് തുടങ്ങിയ ആകർഷകമായ വിവിധ പരിപാടികളും ഒരുക്കിയിട്ടുണ്ട്.

കുട്ടികളുടെ ആത്മീയ ഉന്നമനവും സ്വഭാവരൂപീകരണവും ലക്ഷ്യമാക്കി നടത്തുന്ന സന്തോഷകരമായ ത്രിദീന പരിപാടിയിലേക്ക് സഭാ വ്യത്യാസമില്ലാതെ ക്ഷണിച്ചു കൊള്ളുന്നു. കൂടുതൽ വി

09

# യു. എ. ഇ. ഗൾഫ് സംയുക്ത പെന്തക്കോസ്തു കുടുംബ സംഗമം ഒക്കലഹോമായിൽ

**എസ്. പി. ജയിംസ്**

**ഡാളസ്:** നോർത്ത് അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പാർക്കുന്ന മുൻ യു. എ. ഇ.ക്കാരായ പെന്തക്കോസ്തുകാരുടെ ആറാമത് കുടുംബസംഗമം ജൂലൈ 2 ന് ശനിയാഴ്ച ഒക്കലഹോമായിൽ പി. സി. എൻ. എ. കെ. സമ്മേളന സ്ഥലമായ കോബ് കൺവൻഷൻ സെന്ററിൽ ക്രമീകരിക്കുന്ന പ്രത്യേക ഹാളിൽ നടത്തപ്പെടും.

2006 –ൽ ഡാളസിൽ തുടക്കമിട്ട മുൻ യു. എ. ഇ. പെന്തക്കോസ്തരുടെ ഈ വിശേഷാൽ മീറ്റിംഗ് തുടർന്നുള്ള വർഷങ്ങളിൽ ഫ്ളോറിഡ, അറ്റ്ലാന്റാ, ചിക്കാഗോ, ഹൂസ്റ്റൺ എന്നിവിടങ്ങളിൽ നടക്കുകയുണ്ടായി. മുൻ യു.എ. ഇ. ക്കാർ കൂടുതലായി താമസിക്കുന്ന ഡാളസ്, ഹൂസ്റ്റൺ പട്ടണങ്ങൾക്ക് അടുത്തുള്ള ഒക്കലഹോമാ സിറ്റിയിൽ നടക്കുന്ന ഈ വർഷത്തെ സമ്മേളനത്തിൽ അനേകം പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ മീറ്റിംഗിൽ മറ്റിതര ഗൾഫ് രാജ്യങ്ങളായ ഒമാൻ, ബഹറിൻ, കുവൈറ്റ്, ഖത്തർ, സൗദി അറേബ്യ എന്നിവിടങ്ങളിൽ നിന്നും കടന്നുവന്നിട്ടുള്ള പെന്തെക്കോസ്

09

## Articles

# HOW DO YOU KILL A DEAD MAN?



*Kris Jackson*
*www.krisjackson.org*

Here's a humorous thought, John 12:10 says the chief priests consulted on how they might put Lazarus to death. They were already conspiring on how to deal with Jesus but the Christian sect was proliferating, so now they had a second problem on their hands, Lazarus, Mary and Martha's brother whohad just been raised from the dead. What is the humor in that? In chapter eleven Lazarus had been in the grave for four days, dead and decomposing, "by now he stinketh", when Jesus stood at the mouth of the sarcophagus and cried, "Lazarus, come forth!" and he that was bound in grave-clothes walked out of the tomb fully alive. But now the priests are threatening to kill him. My question today, how did they intend to kill a dead man? Did the priests expect death to scare Lazarus? He'd been there, done that and bought the T-shirt. Or, I mean, the grave clothes. It's a bit useless to threaten a man with death who has already been dead and for all intents and purposes was now dead to the world.

All believers are supposed to be like Lazarus, walking dead men, alive to Christ, yes, but dead to the world system. "For you are dead, and your life is hid with Christ in God" (Colossians 3:3). It is death by identification, "Now if we be dead with Christ, we believe that we shall also live with him" (Romans 6:8). Satan plots our destruction just like he did Lazarus'. But how can he kill a dead man? Jesus said of the "corn of wheat" that falls to the ground, "if it die, it brings forth much fruit" (John 12:24). Paul added, "I die daily" (1 Corinthians 15:31). Another time he penned, "I count not my life dear unto myself". Nero eventually had Paul beheaded but did it accomplish anything? He was already dead, had been ever since he saw that blinding light on the Damascus Road. Having seen Jesus' face he wasn't intimidated by Nero's face and so he didn't care the least about saving is own face. It's hard to kill a dead man.

Like Lazarus, the dead man has nothing to lose. Everything has been laid at the cross. Feelings don't matter because a corpse can't feel. And reputation doesn't matter to the walking dead. Which brings us to an interesting Old English word, "reckon".Romans 6:11, "Like wise reckon ye also yourselves to be dead indeed unto sin…" Reckon is an abbreviated form of *recount*, which means to compute or take into account. "Devil, I *reckon* you better hit the road because I *reckon* myself as being dead with Christ." Have your own reckoning day down here and you won't have to fear the Reckoning Day up there. Jesus bade every follower, "let him deny himself, and take up his cross daily…" (Luke 9:23) Discipleship is a decision. Yes, the rotting cadaver tries to claw its way out of the grave so it needs to be buried. You kill the old nature by starving it then burying it. Then a new man emerges, one that is not subject to the world or afraid of the enemy's threats. "Lazarus, if you don't shut up we will kill you!" That only made him laugh. "I've been to the other side and back, boys. Jesus has given me a second chance so I intend to use every minute of it doing His will and telling His good news. Pull the trigger if you have to, but it won't hurt. I'm already dead!" Get up each morning with that attitude and hell will shake in its shoes. The faceless are the fearless. Thosecrucified with Christ and already dead are indestructible.

കാലികം

# നാം മറികടക്കേണ്ട മതിലുകൾ



സജി നെടുങ്കണ്ടം

വിശുദ്ധിയുടെ ആഴങ്ങൾ പ്രസംഗിച്ച പലശക്തൻമാരും ഇന്ന് അശുദ്ധിയുടെ പാളയത്തിലെ പാറക്കുഴിയിൽ പുതിയ പദ്ധതികൾക്ക് തറക്കല്ലിടുന്ന കാഴ്ചകൾ ഇന്ന് സർവ്വസാധാരണമാണ്. അനുഭവത്തിൽ നിന്നും അരിച്ചെടുത്ത് ആത്മാവിന്റെ നിറവിൽ വചനം വിവരിച്ചു നൽകിയിരുന്ന പല പണ്ഡിതന്മാരും അഭിനയത്തിന്റെ മുഖംമൂടി അണിഞ്ഞ് കാൽ ഉറയ്ക്കാതെ കറങ്ങുന്നു. ഇനിയും അധികനാൾ പ്രവർത്തിക്കാൻ കഴിയില്ലായെന്ന സാത്താന്റെ തിരിച്ചറിവ് ആരെയും വിഴുങ്ങും എന്ന നിലയിൽ വലയം ചെയ്ത് മുന്നേറുന്നുണ്ട്. എന്നും യുദ്ധത്തിന് തന്ത്രങ്ങൾ മാത്രം മെനഞ്ഞിരുന്ന സാത്താൻ ആധുനിക വിശുദ്ധന്റെ കോട്ടയ്ക്കകത്ത് പുതിയ തന്ത്രങ്ങൾ ഒരുക്കി കാത്തിരിക്കുന്നു. ദൈവസഭയുടെ സുരക്ഷിത വേലിക്കിടയിലൂടെ നുഴഞ്ഞുകയറി ഉപദേശ സത്യങ്ങൾക്കിടയിൽ കള വിതച്ചും, സത്യാആരാധനകളിൽ പുതിയ ശൈലികൾ പരീക്ഷിച്ചും വേലിയെക്കൊണ്ടു തന്നെ വിള തീറ്റുന്നതിൽ സാത്താൻ വിജയിച്ചു എന്നു പറയാതെ വയ്യ. ഫെലിസ്ത്യൻ മണ്ണിട്ടുമൂടിയ അബ്രഹാമിന്റെ കിണറുകൾ യിസഹാക്ക് വീണ്ടും കുഴിക്കുകയും ഉപയോഗ യോഗ്യമാക്കി തീർക്കുകയും ചെയ്തു. പുത്തൻ ശൈലികൾ എല്ലാം തെറ്റാണെന്ന് വാദിക്കുകയല്ല. എന്നാൽ പിതാക്കന്മാർ തുറന്ന നീരൂറവ മണ്ണിടാൻ നാം തുനിയരുത്.

ദാവീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക... "നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും" (സങ്കീ. 18:29) പെന്തെക്കോസ്തിലെ പുത്തൻ തലമുറക്കാർക്ക് ചാടിക്കടക്കേണ്ട മതിലുകളുടെ എണ്ണം ഇന്ന് സംഖ്യാക്രമത്തിൽ വർദ്ധിച്ചു കഴിഞ്ഞു. ശത്രു ഉയർത്തിയ മതിൽ കണ്ട് ദാവീദ് പതുങ്ങിനിൽക്കുകയല്ല ചെയ്തത്. അവനു ലഭിച്ച ഉന്നതമായ നാമം സകല പ്രശ്നത്തെയും മറികടക്കുവാൻ സഹായിക്കുന്നു. പുതു നിയമ ഭക്തന് പിതാവ് കനിവേകി നൽകിയ നാമം സകല നാമത്തിലും മേലായനാമമായ യേശുവിന്റെ നാമമത്രെ. സാത്താൻ ഉയർത്തുന്ന ഏതു മതിലും ഈ നാമത്തിന്റെ ശക്തിയാൽ നമുക്ക് ചാടിക്കടക്കുവാൻ ദൈവം സഹായിക്കും. ആധുനിക വിശുദ്ധന്മാർ ആത്മാവിൽ മറികടക്കേണ്ട ചില മതിലുകൾ ഇവിടെ പരിചയപ്പെടുത്താം.
1) പണത്തിന്റെ അപാരമോഹം
2) പരസ്ത്രീയുടെ നാവിന്റെ നനവ്. 3) പദവികൾക്കായുള്ള പരക്കം പാച്ചിൽ. "ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമാണ്". ആത്മീക ശുശ്രൂഷയെ പണമുണ്ടാക്കാനുള്ള വഴിയായിക്കണ്ട് കച്ചവടരീതിയിൽ ദേശം കറങ്ങുന്ന പുതിയ ശൈലിക്കാർ ഇന്ന് വളരെയുണ്ട്. അമ്പതിനായിരം രൂപ ചിലവുള്ള കൺവൻഷനു വേണ്ടി ഒന്നര ലക്ഷം പിരിച്ചെടുത്ത് ഒരു ലക്ഷം മടിയിൽ തിരുകി മറുകണ്ടം ചാടി നടക്കുന്നവരുടെ എണ്ണം ഇന്ന് ഗണ്യമായി പെരുകിയിരിക്കുന്നു. പരസ്ത്രിയുടെ ചുണ്ടിലെനനവ് പുതുനിയമ ശുശ്രൂഷകന്റെ മുമ്പിൽ ഫണം വിരിച്ചാടുന്ന കരീമൂർഖനാണ്. ചാടിക്കടക്കുവാൻ ദൈവ കൃപ ഏറ്റെടുക്കുക. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും". സാത്താൻ ഒരുക്കുന്ന ഏതു തന്ത്രവും ജയിക്കുവാൻ ദൈവജനം ഒരുക്കമുള്ളവർ ആയിരിക്കണം. സ്ഥാനമാനങ്ങൾക്കായുള്ള വിശുദ്ധന്മാരുടെ പരക്കം പാച്ചിലും വോട്ടുപിടുത്തവും ദൈവസഭയുടെ ഹൃദയ സ്പന്ദനത്തെ ഓരോ ദിവസവും തകരാറിലാക്കുന്നു. സ്ഥാനമാനത്തിനായ് പണമെറിഞ്ഞ് പാഞ്ഞുനടക്കുന്നവർ മറക്കരുത് അധികം താമസിയാതെ നിങ്ങൾ ഒരു മതിൽ കെട്ടിനുള്ളിൽ തളയ്ക്കപ്പെടും. തിരിച്ചറിയുക; മതിൽ കടക്കാനുള്ള ശക്തി കാത്തിരുന്നു പ്രാപിക്കാം. ഓരോ ദിവസവും ഇവിടെ മതിലുകളുടെ എണ്ണം കൂട്ടുകയാണ്.

## പഠന സഹായം

പഠനോപകരണ വിതരണവും ആത്മ നദി ഗോസ്പൽ മിനിസ്ട്രീസിന്റെ ഉദ്ഘാടനവും പത്തനാപുരം പുതുവേൽ കേന്ദ്രമാക്കി നടത്തിവരുന്ന ആത്മ നദി ചാരിറ്റിബിൾ സൊസൈറ്റി പത്തനാപുരം ടൗൺ സൗത്ത് ഏ. ജി. ഹാളിൽ 31 മെയ് 2011 വൈകിട്ട് 6.30 ന് പാസ്റ്റർ വി. ജെ. മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ പാസ്റ്റർ ബിനു ബേബി, മാറാനാഥാ ചർച്ച് പന്നിവിഴ. ബ്രദർ സെനു സാം, സിസ്റ്റർ ഷിജി ജോസ് എന്നിവർ ആശംസകൾ സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു. 50 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുകയും ചെയ്തു. പാസ്റ്റർ ജോസ് അറിയിച്ചു. അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോയിക്കുട്ടി ജോർജ്ജ്, സാംകുട്ടി ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

## ഐക്യ സമ്മേളനവും അവാർഡ് ദാനവും

**ചങ്ങനാശ്ശേരി:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ (യു.പി. എഫ്) ആഭിമുഖ്യത്തിൽ ഐക്യസമ്മേളനവും എസ്. എസ്. എൽ. എസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് ദാനവും ജൂലൈ 10 ഞായറാഴ്ച 3 മണിക്ക് ഐ. ജി. സി. ഹാളിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ സണ്ണി സഖറിയായുടെ അദ്ധ്യക്ഷതയിൽ ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് മുഖ്യ സന്ദേശം നല്കും.

## ആദരിച്ചു



**കൊല്ലം:** കൊല്ലം വൈ. എം. സി. എയുടെ ആഭിമുഖ്യത്തിൽ ഗാനരചയിതാവും ക്രൈസ്തവ സാഹിത്യകാരനുമായ സുവി. സാം.റ്റി. മുഖത്തലയെ ആദരിച്ചു. 2010 –11 വർഷത്തെ ഏറ്റവും നല്ല ഗാനരചയിതാവ് എന്ന നിലയിലാണ് പ്രശംസാപത്രവും, അവാർഡും നല്കി ആദരിച്ചത്. കുണ്ടറ മുളവന വൈ. എം. സി. എയിൽ നടന്ന കൊല്ലം വൈ. എം. സി. എ. യുടെ ത്രൈമാസ സമ്മേളനത്തിൽ വിവിധ സാംസ്കാരിക നേതാക്കന്മാരും കൊല്ലം വൈ. എം. സി. എ. പ്രധാന ഭാരവാഹികളും പങ്കെടുത്തു.

## 01 ↵ പ്രസ് അസോസിയേഷൻ

രും, പത്രമാസികകളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ സന്ദർഭോചിതമായി ഇടപെടുന്നതിനും, ഈ രംഗത്തേക്കു വരുവാൻ ആഗ്രഹിക്കുന്നവർക്കു വേണ്ട കൈത്താങ്ങലുകൾ നൽകുന്നതിനുമായാണ് ഈ ഐക്യവേദി രൂപം കൊണ്ടത്. സി. വി. മാത്യു, തോമസ് വടക്കേക്കൂറ്റ്, കെ. എൻ. റസ്സൽ, പാസ്റ്റർ ജെ. ജോസഫ്, ഫിന്നി മാത്യു, സാംകുട്ടിമാത്യു, പാസ്റ്റർ ഷിബു കെ. മാത്യു, രാജു ആനിക്കാട്, തോമസ് തോന്നയ്ക്കൽ. എം. വി. ഫിലിപ്പ്, സണ്ണി മുളമൂട്ടിൽ, സാം.റ്റി.മുഖത്തല, പാസ്റ്റർ ബേബി കടമ്പനാട്, പാസ്റ്റർ പി. എ. ഏബ്രഹാം (മുംബൈ), തുടങ്ങിയവർ ഈ വേദിയ്ക്കു നേതൃത്വം നൽകുന്നു.

## ടീം പ്രവർത്തനം

**വൈപ്പിൻ:** നിരണം കേന്ദ്രമായി പ്രർത്തിക്കുന്ന വീ വൺ ഇൻക്രൈസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഐ. പി. സി. വൈപ്പിൻ ഏരിയായിലെ എടവനക്കാട് ഏബനേസർ പ്രെയർ സെന്റർ കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനം നടന്നു. വൈപ്പിൻ ദ്വീപിലെ അനേക അക്രൈസ്തവ വീടുകളിൽ സുവിശേഷ പ്രതികളും ലഘു ലേഖകളും വിതരണം ചെയ്തു. പാസ്റ്റർ സി വി. മാത്യു, പാസ്റ്റർ ഷാജി വിരുപ്പിൽ എന്നിവർ നേതൃത്വം നൽകി.


## Matrimonial

ഈഴവ സമുദായത്തിൽ നിന്നും പെന്തക്കോസ്ത് വിശ്വാസത്തിൽ വന്ന ദൈവ കൃപയിൽ നിൽക്കുന്ന യുവതി. സാമാന്യ സൗന്ദര്യം (24. 5'2) S. S. L. C, CTH ജോലിയോടുകൂടെ സുവിശേഷ വേല ചെയ്യുന്ന യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9846790297, 9847341956**

രക്ഷിക്കപ്പെട്ട്, സ്നാനമേറ്റ് ദൈവകൃപയിൽ നിൽക്കുന്ന പെന്തെക്കോസ്തു യുവാവ് (27. 5'6) B.A, BP.T, പ്രശസ്തമായ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കായിക അദ്ധ്യാപകനായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

**ഫോൺ: 9037780944**


## 08 ↵ യു. എ. ഇ. ഗൾഫ്

തുകാരേയും പങ്കെടുപ്പിച്ചുകൊണ്ട് സംയുക്ത സമ്മേളനമായി നടത്താനാഗ്രഹിക്കുന്നു. പങ്കെടുക്കുന്ന ഏവർക്കും പഴയ പരിചയം പുതുക്കുവാനും പരിചയപ്പെടുവാനും ആത്മീയ കൂട്ടായ്മയിൽ ഭാഗമാക്കുവാനും ലഭിക്കുന്ന ഈ പ്രത്യേക സമ്മേളനത്തിലേക്ക് മുൻ ഗൾഫ് പെന്തെക്കോസ്തരായ എല്ലാവരേയും ഹാർദ്ദവമായി ക്ഷണിക്കുന്നു. മീറ്റിംഗ് സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ദിവ്യവാർത്ത, ബിലീവേഴ്സ് ജേണൽ സ്റ്റാളുകൾ സന്ദർശിക്കുകയോ, ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക. എസ്. പി. ജയിംസ് 214 – 334 – 6962, രാജൻ ആര്യപ്പള്ളിൽ 678 – 571 – 6398, ഏബ്രഹാം. പി. ഏബ്രഹാം 972 – 896 – 5423, ജോസഫ് ആര്യപ്പള്ളിൽ 469 – 338 – 1421, ബാബുക്കുട്ടി കപ്പമാംമൂട്ടിൽ 972 – 740 – 2257, റവ. തോമസ് പി. തോമസ് 405 – 819 – 2901, മാത്യു ഉമ്മൻ 203 – 743 – 3176, E-mail: ex.uaepentecostal@gmail.com

## 08 ↵ ന്യൂയോർക്ക് വി. ബി. എസ്സ്

വരങ്ങൾക്ക്: വിന്നി ചാക്കോ (631 – 374 – 0925), യുമായി ബന്ധപ്പെടാവുന്നതാണ്. കൂടാതെ പി. വൈ. പി. എ. ഭാരവാഹികളുമായി സന്തോഷ് ജോർജ്ജ് ( 516 – 455 – 0680), മാത്യു വർഗീസ് (347 – 203 –6861), ജോർജ്ജ് സാമുവേൽ (ജോജി ) (– 917 – 749 – 9732), സ്റ്റാൻലി മാമ്മൻ (201 – 966 – 4395), പ്രിൻസൺ ഏബ്രഹാം (914 – 439– 4815) ബന്ധപ്പെടുകയോ പി. വൈ. പി. എ. വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.


## ആത്മീയ ആരാധനയ്ക്കായി സ്വാഗതം....!

ഇൻഡ്യായിലെ സിൽക്ക് സിറ്റിയായ സൂററ്റിൽ ജോലിക്കും പഠനത്തിനുമായി വരുന്നവർക്ക് ഒരു സന്തോഷവാർത്ത...!!!

ഐ. പി. സി. സൂററ്റ് സിറ്റി ചർച്ചിന്റെ ആരാധന സഭക്ക് പുതിയതായി ലഭിച്ച ആരാധനാലയത്തിൽ വച്ച് ആരംഭിച്ചിരിക്കുന്നു. സിറ്റിയുടെ മധ്യഭാഗമായ Athwagate ൽ സ്ഥിതി ചെയ്യുന്ന ഈ ആലയത്തിൽ പട്ടണത്തിന്റെ ഏതുഭാഗത്ത് നിന്നും കടന്നുവരുവാൻ സൗകര്യ പ്രദമാണ്. ഇവിടെ മലയാളത്തിലും ഹിന്ദിയിലുമായി രണ്ട് ആരാധനകൾ നടക്കുന്നു.

*-Sunday Worship time -*

Malayalam Service. 9 Am to 11.15 A.M

Hindi Service 11.30 Am To 1.PM

*Our Addresess*

**IPC City Church, Top Floor, Athwa Arcade**
**Athwalines, Surat -1, Gujarat**

*For Further Information:*

Pr. Sabu Thomas - 09426869475
Bro. Joy Kadukoickal - 09913732923 (Secretary)
Bro. Mathew .C. Abraham -- 09725340000
E-Mail: IPC_Suratcity@yahoo.in

# വിദ്യാർത്ഥി സമ്മേളനവും പഠനോപകരണവിതരണവും

**കൊച്ചി:** ചേരാനെല്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സീയോൻ ഗോസ്പൽ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സെമിനാർ മെയ് 10 ചൊവ്വ രാവിലെ 10 മുതൽ 4 വരെ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ നടന്നു. രാവിലെ നടന്ന സെമിനാറിൽ എക്സൽ മിനിസ്ട്രീസ്, പത്തനംതിട്ട കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാം നടത്തി. പെനിയേൽ ബൈബിൾ സെമിനാരി അദ്ധ്യാപകൻ പാസ്റ്റർ ജോൺലി ജോൺസൺ പ്രസംഗിച്ചു.

ഉച്ചക്കഴിഞ്ഞ് നടന്ന പൊതു സമ്മേളനത്തിൽ കുട്ടികൾക്കുള്ള പഠനോപകരണ വിതരണ ഉദ്ഘാടനം സാജുപോൾ എം. എൽ.എ. നിർവ്വഹിച്ചു. 320 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. വാർഡ് മെമ്പർ മിനി തങ്കച്ചൻ, സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ആർ. രാമചന്ദ്രൻ, പെനിയേൽ സെമിനാരി ഡീൻ പാസ്റ്റർ സാംകുട്ടി എന്നിവർ ആശംസകളറിയിച്ചു. പാസ്റ്റർമാരായ ജെയിംസ് ഏബനേസർ, വി. സന്തോഷ്, ഫിന്നിപോൾ എന്നിവർ നേതൃത്വം നൽകി.

## വിദ്യാഭ്യാസ സഹായ വിതരണം

**മാനന്തവാടി:** മാനന്തവാടി പാസ്റ്റേഴ്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഫെലോഷിപ്പിൽ അംഗങ്ങളായ 17 പാസ്റ്റർമാരുടെ കുട്ടികൾക്ക് മെയ് 31 ന് ചെറ്റപ്പാലം ഏ.ജി. ചർച്ചിൽ കൂടിയ മീറ്റിംഗിൽ വച്ച് വിദ്യാഭ്യാസ സഹായം നൽകി. പാസ്റ്റർ സജിനെടുങ്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഫെലോഷിപ്പിന്റെ പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് തോമസ് ഒറ്റതെങ്ങിൽ വിദ്യാഭ്യാസ സഹായ വിതരണം നടത്തുകയും ദൈവവചനം ശുശ്രൂഷിക്കുകയും ചെയ്തു. ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് പാസ്റ്റർ സാജു. സി. കൊയ്ക്കലേത്ത് ആശംസ അറിയിച്ചു. വിവിധ സഭകളിൽപെട്ട 45 ഓളം പാസ്റ്റർമാർ ഈ ഫെലോഷിപ്പിൽ അംഗങ്ങളാണ്.

## 07 രക്ഷാ സന്ദേശ യാത്ര

തീയ നേതാക്കൾ പങ്കെടുത്ത പരിപാടിയിൽ പാസ്റ്റർമാരായ എം. എ. വർഗീസ്, വി. ഡി. ജോൺ, ഭക്തവത്സലൻ, ഇ. ജെ. ജോൺസൻ, സിസ്റ്റർ മേഴ്സി മാത്യൂ, ബ്രദർ. ചാക്കോ. കെ. തോമസ് എന്നിവർ പ്രസംഗിച്ചു.

കുമ്പനാട്, പുല്ലാട് മണ്ണിൽ കുടുംബാംഗമായ പാസ്റ്റർ പാപ്പച്ചൻ 12-ാമത്തെ വയസ്സിൽ രക്ഷിക്കപ്പെടുകയും 18-ാമത്തെ വയസ്സിൽ സ്നാനമേറ്റ് അഭിഷേകം പ്രാപിച്ചു. തന്റെ മാതാപിതാക്കൾ ബ്രദറൺ സഭാ വിശ്വാസികൾ ആയിരുന്നതിനാൽ ചെറുപ്രായം മുതൽ ആത്മീയ കാര്യങ്ങളിൽ പ്രവർത്തിച്ചിരുന്നു. 20-ാമത്തെ വയസ്സിൽ ബ്രദറൺ സഭവിട്ട് പെന്തെക്കോസ്ത് ആരാധനയിൽ പങ്കെടുക്കുന്നു. എം. വി. ചെറിയാൻ, ഉണ്ണൂണ്ണിസാർ (ഐ. പി. സി) എന്നിവരുടെ കീഴിൽ വേദപഠനം അഭ്യസിക്കുവാനും ഇടയായി. പിന്നീട് ആശാരി ഉപദേശി, ആർ. കൃഷ്ണൻകുട്ടി എന്നിവരൊടൊപ്പം കേരളത്തിന്റെ പലഭാഗങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുകയും, 2 വർഷക്കാലം ഗൾഫ് രാജ്യങ്ങളിലും സുവിശേഷ പ്രവർത്തനം നടത്തി. 22-ാമത്തെ വയസ്സിൽ തിരുവല്ലാക്കാരി കുഞ്ഞമ്മയെ വിവാഹം ചെയ്തു. പിന്നീട് കുടുംബമായി വിവിധയിടങ്ങളിൽ ജോലിയോടൊപ്പം സുവിശേഷ വേല ചെയ്തു. 1981 ൽ കർണാടകയിൽ വരുകയും, കർണാടകയിലെ വിവിധ ഗ്രാമങ്ങളിൽ സുവിശേഷീകരണം നടത്തി, കേവലം 7-ാം ക്ലാസ്സ് പഠനം പൂർത്തിയാക്കി വന്ന ഇദ്ദേഹം വിവിധ ഭാഷക്കാരോട് സുവിശേഷം അറിയിക്കുവാനായി കന്നട, തെലുങ്ക്, ഹിന്ദി, തുളു, കൊങ്കിണി തുടങ്ങി 9 ഭാഷകൾ പഠിച്ചെടുത്തു. ആരോടും സുവിശേഷം അറിയിക്കുവാൻ ലജ്ജയില്ലാത്ത പാസ്റ്റർ പാപ്പച്ചൻ ഇപ്പോൾ തന്റെ വാർദ്ധക്യത്തെ വകവെയ്ക്കാതെയാണ് സുവിശേഷ രക്ഷായാത്രയ്ക്ക് ഇറങ്ങിതിരിക്കുന്നത്. തന്റെ 24-ാമത്തെ വയസ്സിൽ കേരളത്തിലെ ശബരിമലയിൽ വരുന്ന ഭക്തർക്ക് യേശുവിന്റെ രക്ഷാ സന്ദേശം അടങ്ങിയ ലഘുലേഖകൾ ഒറ്റയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാംഗ്ലൂരിലെ കോത്തന്നൂർ ശാരോൻ സഭയുടെ ശുശ്രൂഷകൻ കൂടിയായ പാപ്പച്ചൻ പാസ്റ്റർക്ക് സ്വന്തമായ വീടോ സഭാഹാളോയില്ല. മക്കളിലും, സഭക്കാരിലും, പ്രഭുക്കരിലും ആശ്രയിക്കാതെ തന്നെ വീണ്ടെടുത്ത യേശുവിൽ മാത്രം ആശ്രയിച്ച് വിശ്വാസത്തോടെ സുവിശേഷവുമായ് കർണാടകയിലെ ഗ്രാമാന്തരങ്ങളിലേക്ക് രക്ഷാ സന്ദേശയാത്ര നടത്തുവാൻ ഒരുങ്ങുകയാണ്. വെള്ള പൈജാമയും, വെള്ള ജുബ്ബയിൽ 'യേശു ക്രിസ്തുവേഗം വരുന്നു' - എന്ന് 5 ഭാഷകളിൽ എഴുതി, തലയിൽ വെള്ളതൊപ്പിയും ധരിച്ചാണ് ഇദ്ദേഹം യാത്രതിരിക്കുന്നത്. കർണാടക മുഖ്യമന്ത്രിയ്ക്ക് തന്റെ 'രക്ഷാ സന്ദേശയാത്ര' - പരിപാടിയെക്കുറിച്ച് കത്ത് എഴുതുകയും, മുഖ്യമന്ത്രിയുടെ ആശംസാകത്ത് തനിക്ക് ലഭിച്ചതായും പാസ്റ്റർ പാപ്പച്ചൻ പറഞ്ഞു. ഏറ്റവും അധികം ക്രൈസ്തവ പീഢനം നടക്കുന്ന കർണാടകയിൽ ഏകനായ്, വാർധക്യകാലത്ത് സുവിശേഷ പദയാത്ര നടത്തുന്ന ഈ സുവിശേഷകന് വേണ്ടി ദൈവമക്കൾ പ്രാർത്ഥിക്കുമല്ലോ!

## PYPA KERALA STATE
## YEAR PLANNER 2011-12

| | | |
|---|---|---|
| 2011 ജൂൺ 28 | - | സംസ്ഥാന പ്രാർത്ഥനാ സമ്മേളനം റാന്നി വെള്ളിയറ ഐ.പി.സി |
| ജൂലൈ 2 | - | ഇവാഞ്ചലിസം ബോർഡ് ഉദ്ഘാടനവും സുവിശേഷീകരണ ക്യാമ്പും - മലപ്പുറം |
| ജൂലൈ 9 | - | മെഡിക്കൽ ക്യാമ്പും കൗൺസലിംഗ് സെമിനാറും കൊക്കോത്തോട് (കോന്നി) |
| ആഗസ്റ്റ് 1,2 | - | സംസ്ഥാന ലീഡർഷിപ്പ് ക്യാമ്പ് - പീച്ചി ഡാം- തൃശൂർ |
| ആഗസ്റ്റ് 11 | - | ഇവാഞ്ചലിസം ബോർഡ് പ്രവർത്തനം കാസർഗോഡ് |
| ആഗസ്റ്റ് 21-28 | - | യുവജനവാരം |
| ആഗസ്റ്റ് 28 | - | യൂത്ത് സൺഡേ |
| സെപ്റ്റംബർ 3-10 | - | ഓണവാര ക്യാമ്പുകൾ |
| സെപ്റ്റംബർ 8 | - | സുവിശേഷീകരണ ക്യാമ്പ് - കണ്ണൂർ |
| സെപ്റ്റംബർ 20 | - | പ്രകൃതി സൗഹാർദ്ദ സമ്മേളനം, പെരുന്തേനരുവി |
| സെപ്റ്റംബർ 24 | - | മെഡിക്കൽ ക്യാമ്പും കൗൺസലിംഗ് സെമിനാറും |
| ഒക്ടോബർ 22 | - | പ്രീ- മാരിറ്റൽ കൗൺസലിംഗ് ബോധവൽക്കരണം |
| നവംബർ 3 | - | സുവിശേഷീകരണ ക്യാമ്പ്, വയനാട് |
| നവംബർ 26 | - | മീഡിയാ പാർലമെന്റ് - സാഹിത്യ ശില്പശാല |
| ഡിസംബർ 5 | - | സംസ്ഥാന താലന്ത് പരിശോധന, കുമ്പനാട് |
| ഡിസംബർ 8 | - | സുവിശേഷീകരണ ക്യാമ്പ്, പാലക്കാട് |
| ഡിസംബർ 26-28 | - | സംസ്ഥാന ക്യാമ്പ് |
| 2012 ഫെബ്രുവരി 3 | - | സുവിശേഷീകരണ ക്യാമ്പ് - ഉടുമ്പൻ ചോല |
| ഫെബ്രുവരി 4 | - | പ്രകൃതിസൗഹാർദ്ദ സമ്മേളനം - രാമക്കൽമേട് |
| ഫെബ്രുവരി 16-18 | - | സംസ്ഥാന കൺവൻഷൻ |
| മാർച്ച് | - | കരിയർ ഗൈഡൻസ് സെമിനാർ |

ഈ വർഷത്തെ മറ്റു പ്രധാന പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ-വിവാഹ സഹായവിതരണവും പാഴ്സണേജ് - സഭാഹാൾ നിർമ്മാണവും ഉൾപ്പെടുത്തിയിരിക്കുന്നു. കോളേജ് വിദ്യാർത്ഥികൾക്കായി മർട്ടികളറിൽ ട്രാക്റ്റ് പ്രിന്റ് ചെയ്യും. കേരള സുവിശേഷ യാത്രയും മിഷൻ ചലഞ്ച് സമ്മേളനങ്ങളും നടത്തും. ഉത്തരേന്ത്യയിലേക്ക് മിഷൻ ട്രിപ്പുകൾ ഉണ്ടായിരിക്കും. യുവജനകാഹളം മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു.

പി.വൈ.പി.എയുടെ ഇയർപ്ലാനർ പ്രസിദ്ധീകരിക്കുന്നതിലൂടെ ദൈവജനത്തിന് ഈ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുവാനും മറ്റുപരിപാടികൾ ഒഴിവാക്കി സഹകരിക്കുവാനും സാധിക്കുന്നു.

**പ്രാർത്ഥിക്കുക! പ്രവർത്തിക്കുക!! പങ്കാളികൾ ആകുക.**

**പാസ്റ്റർ വി.പി. ഫിലിപ്പ്** *(പ്രസിഡന്റ്)*, **പാസ്റ്റർ സാംകുട്ടി ജോൺ** *(വൈസ് പ്രസിഡന്റ്)*, **ബ്രദർ അജി കല്ലുങ്കൽ** *(വൈസ് പ്രസിഡന്റ്)*, **പാസ്റ്റർ സാം പനച്ചയിൽ** *(സെക്രട്ടറി)*, **ഇവാ. സാബു ചാപ്രത്ത്** *(ജോ. സെക്രട്ടറി)*, **ബ്രദർ ഫിന്നി വർഗീസ്** *(ട്രഷറാർ)*, **പാസ്റ്റർ ബിനു ജേക്കബ്** *(പബ്ലിസിറ്റി കൺവീനർ)*

For more details: call 9447358997, 9847458905

# നിത്യതയിൽ

### പാസ്റ്റർ സി. ജെ. തോമസ്



നാരങ്ങാനം ഐ. പി. സി സഭാ ശുശ്രൂഷകൻ ചെമ്പൻ പറമ്പിൽ (മുള്ളൻ വാരത്തിങ്കൽ) പാസ്റ്റർ സി. ജെ. തോമസ് (ജോയിക്കുട്ടി) (63) നിര്യാതനായി. സംസ്കാരം ചാന്തുകാവ് ഐ. പി.സി. സെമിത്തേരിയിൽ പാസ്റ്റർ വിൽസൺ ജോസഫിന്റെ നേതൃത്വത്തിൽ നടന്നു. ഭാര്യ തോന്ന്യാമല കീപ്പുറത്ത് ഏലിയാമ്മ, മക്കൾ ജസി, ഡെയ്സി, ജോൺസി (അബുദബി), മരുമക്കൾ: പാസ്റ്റർ ബേബി പോൾ (യു. പി.) പാസ്റ്റർ തോമസ് വർഗ്ഗീസ് (ഹൈദരാബാദ്) ബിൻസി (ചെട്ടിയാരേത്ത് വെൺമണി), കരുനെച്ചി, മുണ്ടേരി, അങ്ങാടിപ്പുറം നെല്ലിപ്പൊയ്ക, പടന്നപിലാവ്, പുല്ലുകുത്തി, പാമ്പാക്കുട, വടക്കുപുറം സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്.

### വിത്സൺ തോമസ്



**ദമാം/സൗദി അറേബ്യ:** തിരുവനന്തപുരം നാലാഞ്ചിറ ബേത്ശെമേശ് വീട്ടിൽ വിത്സൺ തോമസ് (57) ഹൃദയാഘാതം മൂലം ദമാമിൽ നിര്യാതനായി. സഭയുടെ എല്ലാ ആത്മീക കാര്യങ്ങളിലും സുവിശേഷ പ്രവർത്തനങ്ങളിലും ഉത്സാഹിയുമായിരുന്നു. രാവിലെ സൺഡേ സ്കൂൾ പഠിപ്പിക്കുവാൻ വരുമ്പോൾ പെട്ടെന്ന് അസ്വസ്ഥത അനുഭവപ്പെടുകയും പിറ്റെന്നാൾ അന്ത്യം സംഭവിക്കുകയുമായിരുന്നു. ഭാര്യ: സൂസമ്മ വിൽസൺ; ഏകമകൾ ആൻ ഹനാൻ വിൽസൺ യു. കെയിൽ എംടെക്ക് വിദ്യാർത്ഥിനിയാണ്. തന്റെ നേതൃത്വത്തിൽ നടക്കുന്ന ദാനിയേൽ സ്കീം മൂലം അനേക സാധുക്കൾക്ക് സാമ്പത്തീക സഹായം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ശവസംസ്കാരം പി. എം. ജി. നാലാഞ്ചിറ ചർച്ച് സെമിത്തേരിയിൽ നടന്നു.

### മത്തായി ചെറിയാൻ



**റാന്നി:** മന്ദമരുതി വട്ടാർകയം ദൈവസഭാംഗം നരിവേലിക്കുഴിയിൽ മത്തായി ചെറിയാൻ (86) നിര്യാതനായി. ഭാര്യ: പരേതയായ മറിയാമ്മ. മക്കൾ: ദീനാമ്മ (ഗുജറാത്ത്), ബേബിക്കുട്ടി, പാപ്പച്ചൻ, പാസ്റ്റർ അനിയൻ കുഞ്ഞ് (അഹമ്മദാബാദ്), മരുമക്കൾ: തോമാച്ചൻ, ലില്ലിക്കുട്ടി, ഗ്രേസ്സിക്കുട്ടി, ഷേർളി. ശവസംസ്കാരം ദൈവസഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റേഴ്സ് പി. സി. ചെറിയാൻ, ഏബ്രഹാം സ്കറിയ, കെ. റ്റി. ചാക്കോ തുടങ്ങിയവർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

### ആറ്റിൽ വീണു മരിച്ചു



**മാവേലിക്കര:** മാതൃസഹോദരീ പുത്രനൊപ്പം ആറ്റിൻ വീണു കാണാതായ രണ്ടു വയസ്സുകാരൻ മരണപ്പെട്ടു. ചെന്നിത്തല തെക്ക് മുതലക്കുന്നും പൊട്ട് കടവിൽ ഷാജിയുടെ മകൻ ഫെയ്തിനെ (രണ്ട്) ശനിയാഴ്ച വൈകിട്ടാണ് അച്ചൻകോവിലാറ്റിൽ കാണാതായത്.

കേന്ദ്രമന്ത്രി കെ. സി വേണുഗോപാൽ ഇടപെട്ടതിനെതുടർന്ന് കൊച്ചിയിൽ നിന്ന് എത്തിയ ആറംഗ നേവി സംഘം പകൽ മുഴുവൻ തിരച്ചിൽ നടത്തിയെങ്കിലും 20-ാം തീയതി വൈകുന്നേരത്തോടെ മൃതദേഹം ആറ്റിൽ പൊങ്ങുകയായിരുന്നു. പോലീസ് സംഘം ബോട്ടിലെത്തി പരിശോധന നടത്തി. കൊടിക്കുന്നിൽ സുരേഷ് എംപി., എം. എൽ. എമാരായ സി. കെ. സദാശിവൻ, പി. സി. വിഷ്ണുനാഥ് എന്നിവരും സ്ഥലത്തെത്തിയിരുന്നു. തഹസിൽദാർ ജി. ബാബുവിന്റെ നേതൃത്വത്തിൽ റവന്യു വകുപ്പാണു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഫെയ്തിന്റെ പിതാവ് ഷാജി ദക്ഷിണാഫ്രിക്കയിൽ നിന്ന് നാട്ടിലെത്തി.

ബെൻസി, മകൻ ഫെയ്ത്, ബെൻസിയുടെ സഹോദരിയുടെ മകൻ സ്റ്റീഫൻ എന്നിവരെ ബെൻസിയുടെ വീടായ തട്ടാരമ്പലം പനച്ചമൂട് കല്ലുംമൂട്ടിൽ നിന്നു സഹോദരൻ ബിജുവാണു ബൈക്കിൽ കീച്ചേരിൽ കടവിൽ കൊണ്ടുവന്നത്. സ്റ്റീഫന്റെ കയ്യിൽ കുഞ്ഞിനെ നൽകിയശേഷം ബൈക്കിൽ നിന്നിറങ്ങിയ ബെൻസി ബാഗ് എടുക്കുന്നതിടയിൽ സ്റ്റീഫന്റെ കയ്യിലിരുന്നു ഫെയ്ത്ത് കുതറി മുന്നോട്ടാഞ്ഞു. തുടർന്ന് ഇരുവരും ആറ്റിലേക്കു വീഴുകയായിരുന്നു. മകൻ മുങ്ങിത്താഴുന്നതു കണ്ടു ബെൻസി നിലവിളിച്ച് ആറ്റിലേക്ക് എടുത്തുചാടി. മൂവരും മുങ്ങുന്നതു കണ്ട ബിജു ആറ്റിലിറങ്ങി ആദ്യം ബെൻസിയെയും പിന്നാലെ സ്റ്റീഫനെയും മുടിയിൽ പിടിച്ചു വലിച്ചു രക്ഷിപ്പെടുത്തുകയായിരുന്നു. അപ്പോഴേക്കും ഫെയ്ത്ത് മുങ്ങിത്താണിരുന്നു.

ശവസംസ്കാരം 21-ാം തീയതി ചെന്നിത്തല കീച്ചേരിക്കടവ് ഐ. പി. സി. സഭാഹാളിലെ ശുശ്രൂഷയ്ക്ക് ശേഷം കണ്ടിയൂർ ഐ. പി. സി. സെമിത്തേരിയിൽ നടത്തി. പാസ്റ്റർ എം. വി. വർഗ്ഗീസ് പ്രധാന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ സാം ജോൺ, ജി. ജോണിക്കുട്ടി, പാസ്റ്റർ എം. ഒ. ചെറിയാൻ തുടങ്ങിയവർ നേതൃത്വം നൽകി. ബിലീവേഴ്സ് ജേണലിനുവേണ്ടി പാസ്റ്റർ കെ. ജെ മാത്യുവും, ബ്ലെസ്സ് ഫൗണ്ടേഷനുവേണ്ടി സാംകുട്ടി മാത്യുവും അനുശോചനം അറിയിച്ചു.

12 ↩

# മാദ്ധ്യമവിചാരം

നിന്ന് ഏറെക്കുറെ അപ്രസക്തമായി. പ്രസ്സ് അസോസ്സിയേഷൻ സ്വയം എരിഞ്ഞടങ്ങി. എന്നാൽ എരിഞ്ഞ് ഒടുങ്ങിയ ചാരത്തിൽ നിന്ന് ആ ഫീനിക്സ് പക്ഷി പറക്കുകയാണ്. കൊള്ളാം, അതു പറക്കട്ടെ!

**നമുക്കൊരു ശിശു ജനിക്കുന്നു**

പത്ര പ്രവർത്തകരെ പെരുവഴിയിൽ ഇട്ടും പ്രസംഗ സ്ഥലത്തുവെച്ചും ഇടിച്ചൊതുക്കാൻ കരാറിലൊപ്പിട്ട ഗുണ്ടാപ്പടകളുടെ വിളയാട്ടം നിമിത്തമുള്ള വ്യവഹാരങ്ങൾ നിയമ വേദികളിലേക്ക് വലിച്ചിഴിക്കപ്പെടുന്ന സാഹചര്യം രൂപപ്പെട്ടപ്പോഴാണ് നമുക്കും ഒരു സംഘടന ഉണ്ടായാൽ കൊള്ളാം എന്ന പൊതു താല്പര്യം കുമ്പനാട് കൺവൻഷനിൽ കണ്ടുമുട്ടിയ പത്ര പ്രവർത്തകർ ചർച്ചചെയ്യുന്നത്. നമ്മുടെ പഴയ അസോസ്സിയേഷൻ കുഞ്ഞിനെ കുളിപ്പിച്ചെടുത്താൽ പോരെ? പുതിയൊരു കുട്ടിയെ വളർത്തിയെടുക്കാനുള്ള ബുദ്ധിമുട്ട് ചില മുതിർന്ന പത്രപ്രവർത്തകർ അഭിപ്രായം പങ്കുവെച്ചു. എന്നാൽ അസോസ്സിയേഷൻ കുഞ്ഞിനെ ജീവിക്കാനും മരിക്കാനും അനുവദിക്കാതെ ഐ.സി.യുവിൽ പ്രത്യേക നിലയിൽ കിടത്തിയിരിക്കുന്നത് മറ്റൊരു കുഞ്ഞും കുട്ടിയും ചേർന്നാണത്രെ. ഇസ്മായേലിനെ ഹാഗാർ മരുഭൂമിയിൽ കിടത്തിയിട്ട് കുഞ്ഞിന്റെ മരണം കാണാനാവാതെ മരുപ്പച്ചതേടിയലഞ്ഞതും ഒടുവിൽ വിടുതൽ കിട്ടുമ്പോൾ ഹല്ലേല്ലുയ്യാ പറഞ്ഞ് ഓടിയണഞ്ഞതുമായ പ്രസംഗം കേട്ട് കാര്യങ്ങൾ മനസ്സിലാക്കിയ നമുക്ക് ഈ കുഞ്ഞിനെയും കുട്ടിയേയും നന്നായിയറിയാം.

**ആധിപത്യം ആരുടെ തോളിൽ?**

മനോരമയുടെ ഭാഷയിൽ "നേരെചൊവ്വേ"പറഞ്ഞാൽ പുനർജനിച്ച പെന്തക്കോസ്ത് പ്രസ്സ് അസോസ്സിയേഷന്റെ ബുദ്ധി കേന്ദ്രങ്ങൾ അച്ചൻകുഞ്ഞ് ഇലന്തൂരും സാംകുട്ടിചാക്കോയും വിജോയ് സ്കറിയയുമാണ്. പത്ര പ്രവർത്തന രംഗത്ത് തങ്ങളുടേതായ കഴിവും വൈഭവവും തെളിയിച്ച ആളുകൾ തന്നെയാണിവർ. *പെന്തെക്കോസ്തുകാരോട് മാത്രം* എന്ന പംക്തിയിലൂടെ തരക്കേടില്ലാത്തവിധം സാംസ്കാരിക പോരാട്ടം നയിച്ച എഴുത്തുകാരനാണ് അച്ചൻകുഞ്ഞ്. മരുപ്പച്ചയിലെ എഡിറ്റോറിയൽ ഇപ്പോഴും ശ്രദ്ധാർഹവുമാണ്. ഞങ്ങൾ തമ്മിൽ ആരോഗ്യകരമായ ഒരു ബന്ധം നിലനിൽക്കുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ കഴിവുകളെ കാണാതിരിക്കുന്നില്ല. നിലപാടില്ലാത്ത ഒരു അവസരവാദിയായി ഞാൻ അച്ചൻകുഞ്ഞിനെകാണുന്നു. അദ്ദേഹം എഴുതിയ പൂർവ്വകാല കുറിപ്പുകളും ഇപ്പോഴത്തെ കാഴ്ചപ്പാടുകളും തമ്മിലെ വൈരുദ്ധ്യം ചൂണ്ടികാട്ടി ഇതു തെളിയിക്കാവുന്നതാണ്. അത്തരം ഒരു സംവാദ വേദിയിലേക്ക് ഞാൻ അദ്ദേഹത്തെ സ്നേഹപൂർവ്വം വെല്ലുവിളിക്കുന്നു.

സാംകുട്ടിചാക്കോയുടെ എഴുത്തുകൾ വായന സുഖമുള്ളതാണ്. ഋജുവായ ഭാഷയിൽ വസ്തുതകൾ ആവിഷ്കരിക്കുന്ന അദ്ദേഹത്തിന്റെ രചനാ തന്ത്രം ഇതര എഴുത്തുകാർക്കൊക്കെ മാതൃകയാക്കാവുന്നതാണ്. യാത്രയ്ക്കിടയിൽ എന്ന അദ്ദേഹത്തിന്റെ ലേഖന സമാഹാരം മതി അദ്ദേഹത്തിലെ പ്രതിഭയുടെ തെളിവിന്. തങ്കുയിസം പോലുള്ള തല തിരിഞ്ഞ ആത്മീകതയുടെ പക്ഷത്ത് നിൽക്കുന്നു എന്നതൊഴിച്ചാൽ അദ്ദേഹത്തോട് എനിക്ക് പരിഭവങ്ങളില്ല. നിലപാടുകളിൽ നിന്ന് വഴുതിമാറുന്ന അവസരവാദം സാംകുട്ടിചാക്കോയിൽ എനിക്ക് ആരോപിക്കുവാനാവില്ല. പക്ഷേ ഒരു വൈജ്ഞാനിക തലത്തിൽ സംവാദിക്കാൻ വേണ്ട വിഭവ സമാഹരണം സാധ്യമാക്കാൻ ഇനിയും അദ്ദേഹം ഏറെ അദ്ധ്വാനിക്കണം ചുരുക്കത്തിൽ സാംകുട്ടിചാക്കോ ഒരു മികച്ച പത്ര പ്രവർത്തകനാണ്, പെന്തക്കോസ്തിന്റെ തനിമയെ പ്രതിനിധീകരിക്കാൻ അദ്ദേഹത്തിനാവില്ല.

ഒരു എഴുത്തുകാരൻ എന്ന നിലയിൽ വായനക്കാരന്റെ മനസ്സിൽ പതിഞ്ഞ ഏതെങ്കിലും ഒരു രചനാ സൃഷ്ടികർമ്മം നിർവ്വഹിച്ചയാളായി എനിക്ക് വിജോയ് സ്കറിയയെ വിലയിരുത്തുവാനാവില്ല. പക്ഷേ മികച്ച പ്രസാദക തന്ത്രം ഉത്സാഹം ഇവയൊക്കെ ഞാൻ അദ്ദേഹത്തിന്റെ ഗുണങ്ങളായി കാണുന്നു. അദ്ദേഹം 'തന്മ' എന്ന മതേതര പ്രസിദ്ധീകരണത്തിലൂടെ തന്റേതായ സാന്നിധ്യം പുറം ലോകത്തെ അറിയിക്കുന്നതും അതിനുവേണ്ട കഷ്ടപ്പാടുകൾ സഹിക്കുന്നതും ആ ഗുണങ്ങളുടെ പ്രതിഫലനമായി ഞാൻ കാണുന്നു. കേവല പരിചയം എന്നതിന് അപ്പുറത്ത് എനിക്ക് അദ്ദേഹത്തെ അറിഞ്ഞുകൂടാ. പക്ഷേ പത്രപ്രവർത്തനരംഗത്ത് നിലപാടുകളുടെ ചാഞ്ചാട്ടം മറ്റേതൊരാളിലും അധികമായി ഞാൻ വിജോയിൽ കാണുന്നു. അതിരുകടന്ന കുശാഗ്രബുദ്ധി അദ്ദേഹത്തിന്റെ സൗഹൃദ വലയത്തിൽ പോലും അവിശ്വാസം ജനിക്കാൻ കാരണമായിട്ടുണ്ട്. പി. വൈ. പി. എ. തെരഞ്ഞെടുപ്പിൽ ഇന്ന് അദ്ദേഹം കൂട്ടുപിടിക്കുന്ന ഒരു പത്രവും ഇദ്ദേഹത്തെ പിൻതുണച്ചിട്ടില്ലായെന്നതുകാണാതിരുന്നുകൂടാ. ഇലക്ഷനിൽ നടന്ന തിരിമറികളെക്കുറിച്ച് അദ്ദേഹം പുറത്തുകൊണ്ടുവന്ന ഗൗരവ്വമേറിയ കാര്യങ്ങൾ ജേണൽ ഉൾപ്പെടെ ഒരു പത്രവും ചർച്ചയ്ക്ക് എടുക്കാതിരുന്നതും ഈ അവിശ്വാസം നിമിത്തമാണ്.

ഈ വിമർശനങ്ങൾ അല്പം വ്യക്തിപരമായിപ്പോയില്ലേ എന്ന് വായനക്കാർക്ക് തോന്നാം. നമുക്കിടയിൽ കാലിബറുള്ള ഈ മൂന്ന് എഴുത്തുകാർ വിമർശിക്കപ്പെടേണ്ടവരല്ലായെന്ന് തോന്നുന്നുവെങ്കിൽ അവർ പൊതു രംഗം വിടുകയേ നിർവ്വാഹമുള്ളു. ഈ എഴുത്ത് അവരുടെ സ്വകാര്യതയിലേക്കുള്ള നുഴഞ്ഞുകയറ്റമല്ല. പൊതു പ്രവർത്തന രംഗത്തെ ശരിതെറ്റുകൾ ചൂണ്ടികാട്ടിയെന്നു മാത്രം.

**പച്ചക്കുതിര കുതിയേക്കാം**

അസോസ്സിയേഷനുകളുടെ തകർച്ചകൾക്ക് അടിസ്ഥാനകാരണമായി ഞാൻ കാണുന്നത് അധികാരമോഹമാണ്. മറ്റൊന്ന് കാര്യക്ഷമമായ ചിന്തകൾ പങ്കുവെയ്ക്കാൻ കെൽപ്പുള്ളവരുടെ അഭാവമാണ്. എൻഡോസൾഫാൻ, ആഗോളതാപനം, സ്വാശ്രയ വിദ്യാഭ്യാസം ഇവയൊക്കെ സംബന്ധിച്ച് കാര്യക്ഷമമായ ഒരു ചർച്ച നടത്താനും ഒരു പെന്തെക്കോസ്ത് സമീപനം രൂപപ്പെടുത്താനും എത്ര അസോസ്സിയേഷനുകൾക്ക് കഴിഞ്ഞു? പെന്തെക്കോസ്തിന്റെ വക്താക്കൾ ചമയുന്ന പലരും എഴുന്നള്ളിക്കുന്ന പമ്പര വിഡ്ഢിത്തങ്ങൾ നമ്മെ അമ്പരിപ്പിക്കുന്നതാണ്. പെന്തെക്കോസ്തു സഭകളുടെ വളർച്ചയെ എങ്ങനെ വിലയിരുത്തുന്നു എന്ന് 'പച്ചക്കുതിര' എന്ന മതേതര പ്രസിദ്ധീകരണം ചോദ്യം ഉന്നയിക്കുമ്പോൾ പെന്തെക്കോസ്തു പ്രസ്സ് അസോസ്സിയേഷന്റെ ഒരു ആയുഷ്കാല നേതാവ് മറുപടി പറഞ്ഞത് അമേരിക്കയിൽ പോകാൻ ഇതൊരു നല്ല സാഹചര്യമാണെന്ന് ചെറുപ്പക്കാർക്ക് ബോധ്യപ്പെട്ടു. അത്തരം സാമ്പത്തീക സുരക്ഷിതത്വബോധം പെന്തക്കോസ്തിനെ വളർത്തി എന്നത്രെ! ഈ കുറിപ്പ് ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ഇതൊക്കെ വിമർശിച്ചതിന്റെ പേരിലാണ് ഞാൻ ഊരുവിലക്ക് നേരിട്ടത്.

**അസാധ്യമേ വഴിമാറുക.**

പ്രസ്സ് അസോസ്സിയേഷൻ മന്ദീഭവിക്കാൻ കാരണമായി പറഞ്ഞുകേട്ട ന്യായങ്ങളിലേക്ക് കടക്കേണ്ടതുണ്ട്. ഒന്നാമതായി, ജേണൽ എന്ന പത്രത്തിന്റെ സാന്നിധ്യവും അത് പെന്തെക്കോസ്തു വായനാലോകത്തുണ്ടാക്കിയ സ്വാധീനവും.രണ്ടാമതായി അനിൽ കൊടിത്തോട്ടം എന്ന കോളം എഴുത്തുകാരനോടുള്ള മുൻവിധി. രണ്ടാമത്തേതിന് ആദ്യം മറുപടി പറയാം. രണ്ട് അബദ്ധങ്ങളെ ഈ നിലയിൽ

↳ 05




25 June 2011
Vol: 04, Issue: 12
RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the JUNE 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

മാദ്ധ്യമവിചാരം

# ഇല്ലാ നിങ്ങൾ മരിച്ചിട്ടില്ലാ



അനിൽ കൊടിത്തോട്ടം
anilkodithotam@gmail.com

രാഷ്ട്രീയ നേതാക്കൾ അന്തരിക്കുകയോ കാലയവനികക്കുള്ളിൽ മറയുകയോ ഇഹലോകവാസം വെടിയുകയോ ചെയ്യുമ്പോൾ അണികൾ പുലമ്പുന്ന ഉശിരൻ മുദ്രാവാക്യമാണ് നമ്മുടെ ശീർഷകം. എന്നാൽ മരിച്ചവൻ മടങ്ങിവന്നാലോ? മരിച്ചു എന്നുകരുതിയ പലരും അപ്രതീക്ഷിതമായി തിരിച്ചെത്തിക്കഴിയുമ്പോൾ തങ്ങളുടെ 'അപരന്റെ' അന്ത്യകർമ്മങ്ങൾ ചെയ്യുന്ന ബന്ധുക്കളെ വിഭ്രമിപ്പിക്കുന്ന നിരവധി കൗതുക വാർത്തകൾ പത്രങ്ങളിൽ കാണാറുണ്ട്. നമുക്കും ഒരു കൗതുക വാർത്തയിലേക്ക് ശ്രദ്ധിക്കാം. വർഷങ്ങളായി ഐ.സി.യുവിൽ കഴിഞ്ഞ ആ കുട്ടി മടങ്ങിവന്നിരിക്കുന്നു! റെയിനാഡ് ബോംങ്കെയുടെ അത്ഭുതത്തെ അനുസ്മരിപ്പിക്കും വിധം മോർച്ചറിവിട്ട് പുറത്തുവന്ന് മുൻകാല പ്രാബല്യത്തോടെ ഓടിക്കളിക്കുന്ന ആ കുട്ടി ആരെന്നാവും നിങ്ങളുടെ സംശയം. ആശങ്കപ്പെടേണ്ടാ അവൻ തന്നെ പുള്ളി നമ്മുടെ സ്വന്തം പെന്തെക്കോസ്തൽ പ്രസ്സ് അസോസ്സിയേഷൻ.

**ആരാണവനെ ഒതുക്കിയത്?**

അവാർഡ് കൊടുക്കുക എന്ന ഏകവും ആത്യന്തികമായ ലക്ഷ്യത്തോടെ നിലവിൽ വന്ന പ്രസ്സ് അസോസ്സിയേഷന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ കാരണം അതിന്റെ ഭാരവാഹികളുടെ അലസതയോ ഉത്തരവാദിത്വരാഹിത്യമോ അല്ല. നാഴികയ്ക്ക് നാല്പത് എന്ന ക്രമത്തിൽ അവാർഡ് ശില്പങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയുമായി ഒരുവൻ, ഒരു ഇന്റർനാഷണൽ, തിരുവല്ലയിൽ അവതരിച്ചു. ചീഞ്ഞ പഴത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന പ്രാണിയ്ക്കു മുതൽ പ്രമാണികൾക്കുവരെ ഉദാരമായി അവാർഡ് കൊടുത്ത് ഒരുവൻ ഒറ്റയ്ക്ക് പ്രസ്സ് അസോസ്സിയേഷനെ അപ്രസക്തമാക്കി. കൈവെള്ള പൊട്ടാതെ കാശുണ്ടാക്കിയ വീര പാണ്ഡ്യ കേസരികളെ കെണിയിൽ വീഴിച്ച് അവരെ മഹാന്മാരാക്കി ആദരിച്ച് പൊതു സ്ഥലത്ത് നിർത്തി ഒരു വെറും കവർ സമ്മാനിക്കുക. അവാർഡിന് അല്പം ഗമകിട്ടാൻ മന്ത്രിമാരെ ക്ഷണിക്കുക. മുഴുവൻ ചെലവും അവാർഡ് ജേതാവിൽ നിന്ന് ഈടാക്കുക. ഈ പണി അവാർഡുകളുടെ നിലവാരം ഇടിച്ചു. പെന്തക്കോസ്തൽ പ്രസ്സ് അസോസ്സിയേഷന് അറിയാവുന്ന ഒരു സാംസ്കാരിക പ്രവർത്തനം അവാർഡു കൊടുപ്പായിരുന്നു. അത് അപഹരിച്ചെടുത്ത കേമനെ ഒറ്റപ്പെടുത്തിക്കൊണ്ട് പത്രങ്ങൾ പത്മവ്യൂഹം തീർത്തു. ക്രമേണ അവാർഡ് പെന്തക്കോസ്ത് പത്രലോകത്തു

↳ 11



All types of Christian events in US, Please contact:
Founder & Chairman Br.Noby Mathew Charuvil. Ph (405) 208 3118 Team Director Pr.A.V Mathews Ph (405) 577 5767

ഏബനേസർ നേഴ്സിംഗ് കോളേജ് & ഡിഗ്രി കോളേജ്

ബാംഗ്ലൂർ, കർണ്ണാടക

ഏബനേസർ ഡിഗ്രി കോളേജ്
ബി. കോം, ബി.എ,
ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

ബോർഡിംഗ് സൗകര്യം ലഭ്യമാണ്

അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കും

Web Site
www.ebenezerblr.org

ഓസ്ട്രേലിയയിലെ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമായ സൗത്ത് ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രഗത്ഭരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ 18 ആഴ്ച നീണ്ടു നിൽക്കുന്ന IELTS കോച്ചിംഗ് ഉടൻ ആരംഭിക്കുന്നു




ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

| | |
|---|---|
| ബി.എസ്.സി. നേഴ്സിംഗ് | കാലാവധി – 4 വർഷം / യോഗ്യത – 10 +2/ പി. യു. സി |
| ജി. എൻ.എം. | കാലാവധി – 3 വർഷം / യോഗ്യത – 10 +2/ പി. യു. സി |

ആധുനിക സംവിധാനങ്ങളുള്ള 300 കിടക്കകളുള്ള ആശുപത്രി, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം

ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

The Administrator
Eben-Ezer College of Nursing
No. 19, Ebenezer Nagar,
Kolhanur P.O, Bangalore - 560 077
Tel: 080 - 28444201, 65654909
09448476968, 09845890178
E -mail : ebenezerblr@yahoo.co.in

ABY CHELLETHU
(IPC Kerala State Council Office Staff)
Ebenezer Consultancy
P. O. Box No. 36, Kumbanad, Kerala
Ph: 0469 - 6521022, 9847568123, 9447714441

വിജയത്തിന്റെ പടവുകൾ താണ്ടുന്ന
ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.